


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA-PHONE: 8234

വാല്യം 5 | 1988 ജൂലൈ 29 | ലക്കം 23


## തിരുവചനഭാഷ്യം

## പരിശുദ്ധബാവാ തിരുമനസിലെ കല്പന

നമുക്കെത്രെയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ സഭാമക്കൾക്കു വാഴ്വ്.

വാത്സല്യമക്കളെ,

ക്രൈസ്തവമായ അറിവിൻെറയും, അനുഭവത്തിൻേറയും മുഖ്യ സ്രോതസ്സാണ് വി. വേദപുസ്തകം. വി. വേദപുസ്തകപരമായ ജ്ഞാനം വിശ്വാസികൾക്ക് അവശ്യം ഉണ്ടായിരിക്കേണ്ടതാണ് എന്ന വസ്തുത പലരും വേണ്ടവിധം മനസ്സിലാക്കുന്നില്ല എന്നുള്ളത് ഒരു ദുഃഖസത്യമാണ്. സഭാപാരമ്പര്യത്തിൻെറ ഏററവും പ്രധാനഭാഗമാണ് തിരുവചനം. തിരുവചനത്തെ സഭാജീവിതത്തിൻെറ അന്തർധാരയായി അനുഭവിച്ചറിഞ്ഞവരാണ് സഭാപിതാക്കന്മാർ. എന്നാൽ എന്തുകൊണ്ടോ ആധുനിക കാലഘട്ടത്തിൽ തിരുവചനധ്യാനത്തിനും പഠനത്തിനും വേണ്ടത്ര പ്രാധാന്യം കിട്ടാതെ പോകുന്നു. അതിൻെറ കുറവു തന്നെയാണ് വേദവിപരീതങ്ങളുടെ ഉയർച്ചയ്ക്കും കാരണമാവുന്നതു്. ഈ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് നമ്മുടെ വൈദിക സെമിനാരി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്.

പുതിയനിയമ ഗ്രന്ഥങ്ങൾ സാധാരണക്കാർക്കു മനസ്സിലാകുന്ന വിധത്തിൽ വ്യാഖ്യാനിക്കുവാനുള്ള ഒരു സംരംഭമാണ് 'തിരുവചന ഭാഷ്യം' (ബൈബിൾ കമൻററി ദിവ്യബോധനം പഠന പരിപാടി വിജയകരമായി ആസൂത്രണം ചെയ്ത നമ്മുടെ വൈദിക സെമിനാരി അദ്ധ്യാപകരുടെ തന്നെ പൂർണ്ണ ചുമതലയിൽ തിരുവചനഭാഷ്യവും പ്രയോജനകരമായ ഒരു പദ്ധതിയായി തീരും എന്നു നമുക്കു പൂർണ്ണ ബോധ്യവും പ്രത്യാശയും ഉണ്ട്. ഈ സംരംഭം ആരംഭിക്കുന്ന വൈദിക സെമിനാരി ഫാക്കൽററിയെ നാം അനുമോദിക്കുന്നു. അതോടൊപ്പം ഈ പദ്ധതിയ്ക്കു സഭാംഗങ്ങൾ പൂർണ്ണ സഹകരണം നല്കണം എന്ന് അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. സാധാണക്കാർക്കു വാങ്ങുവാനും ഗ്രഹിക്കുവാനും സാധിക്കുന്ന വിധത്തിലാണ് തിരുവചനഭാഷ്യം അവതരിപ്പിക്കുന്നതു്. ആയതുകൊണ്ട് സഭാംഗങ്ങളെല്ലാവരും ഈ ഗ്രന്ഥങ്ങൾ വാങ്ങി പ്രയോജനപ്പെടുത്തണമെന്നു നാം വാത്സല്യപൂർവ്വം നിർബന്ധിക്കുന്നു.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും, അനുഗ്രഹങ്ങളും നിങ്ങളെല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

1988 ഫെബ്രുവരി 24–ാം തീയതി കോട്ടയം കാതോലിക്കേററ് അരമനയിൽനിന്നു്.

## യോങ്കേഴ്സ് സെൻറ് തോമസിൽ പെരുന്നാൾ ആഘോഷിച്ചു

ഷേബാലി

ന്യൂയോർക്കു് യോങ്കേഴ്സ് സെൻറ് തോമസ് പള്ളിയിൽ ജൂലൈ 2, 3തീയതികളിൽ മാർതോമ്മാ ശ്ലീഹായുടെ പെരുന്നാൾ വിപുലമായി ആഘോഷിച്ചു.

2 ശനിയാഴ്ച വൈകിട്ട് സന്ധ്യാ നമസ്കാരത്തെ തുടർന്നു് ഫാ. മാത്യു വർഗീസ് കൺവൻഷൻ പ്രസംഗംനടത്തി.

മൂന്നാം തീയതി ഞായറാഴ്ച ഫാ. കെ. വി. ഗീവർഗീസിൻെറ പ്രധാനകാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന നടന്നു. തുടർന്നു് പെരുന്നാൾ ചടങ്ങുകളിൽ പങ്കെടുത്ത അറഞ്ഞൂറിലേറെ വരുന്ന ഭക്തജനങ്ങൾ റാസയിൽ പങ്കെടുത്തു. വികാരി ചെറിയാൻ നീലാങ്കൽ കോർ എപ്പിസ്കോപ്പാ, ഫാ. കെ. വി. ഗീവർഗീസ്, ഫാ. കുറിയാക്കോസ് വാകത്താനം, ഫാ. മാത്യു വർഗീസ് എന്നിവർ റാസക്കു് നേതൃത്വം നല്കി.

നേർച്ച വിളമ്പോടെ പെരുന്നാൾ സമാപിച്ചു.

## പരിശീലന ക്യാമ്പ്

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയിലെ ആരാധനാ ഗീതങ്ങൾ ശാസ്ത്രീയമായി പരിശീലിപ്പിക്കുവാൻ ഒരു ഗാനപരിശീലനക്യാമ്പ് ഓഗസ്റ്റ് 22 മുതൽ 28 വരെ കോട്ടയം സോഫിയാ സെൻററിൽ നടത്തുന്നതാണ്. ലെനിൻ ഗ്രാഡ് സംഗീത അക്കാദമിയിൽ പരിശീലനം നടത്തിയിട്ടുള്ള ഡീക്കൻ എം. പി. ജോർജ്ജിൻെറ നേതൃത്വത്തിലാണ് ക്യാമ്പ് നടത്തുക. ഇടവകകളിൽ ഗായകസംഘത്തിന് നേതൃത്വം നൽകുന്നവർക്കും, പുതിയ ഗായകസംഘം രൂപീകരിക്കാൻ ആഗ്രഹിക്കുന്നവർക്കും ഈ ക്യാമ്പ് പ്രയോജനപ്രദമാണ്.

ക്യാമ്പിൽ ചേരാൻ ആഗ്രഹിക്കുന്നവർ പ്രിൻസിപ്പൽ, ഓർത്തഡോക്സ് സെമിനാരി, കോട്ടയം –1 എന്ന വിലാസത്തിലപേക്ഷിക്കുക.

# കാരുണ്യാ ഗൈഡൻസ് സെൻറർ സേവനരംഗത്തെ പുതിയ കാൽവെയ്പ്

## ഫാ: വറുഗീസ് ജോൺ

വർഷങ്ങളായി സഭയിൽ പ്രവർത്തിച്ചു വരുന്ന രണ്ടു ജീവകാരുണ്യ പ്രസ്ഥാനങ്ങളാണല്ലോ വൈദ്യ സഹായനിധിയും വിവാഹ സഹായനിധിയും. ഇവയുടെ സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരത്തു് രൂപംകൊണ്ട ഒരു പുതിയ സേവനമണ്ഡലമാണ്– 'സെൻറ് തോമസ് കാരുണ്യാഗൈഡൻസ് സെൻറർ' ആത്യാധുനിക ചികിത്സാ സൗകര്യങ്ങൾ ധാരാളമുള്ള തിരുവനന്തപുരം പോലുള്ള പട്ടണങ്ങളിൽ ചികിത്സാർത്ഥം അനുദിനം അനേകം ആളുകൾ അടുത്തു നിന്നും അകലെനിന്നും എത്തിച്ചേരുന്നു. ഈ ആശുപത്രികളെക്കുറിച്ചും അവിടെ ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങളെക്കുറിച്ചും വ്യക്തമായ അറിവും പരിചയവും ഇല്ലാത്തവർ അർഹമായ ലക്ഷ്യത്തിലെത്താതെ അലഞ്ഞു നടക്കുന്ന കാഴ്ച പുത്തരിയല്ല. ആശുപത്രികളിൽ പ്രവേശനം ലഭിക്കാതെ, അന്തിയുറങ്ങുവാൻ തളർന്ന രോഗിയുമായി നെട്ടോട്ടം നടത്തുന്നവരും വിരളമല്ല. താമസസൗകര്യങ്ങളുള്ള ലോഡ്ജുകളുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിലും സാമ്പത്തിക ശേഷിയില്ലാത്തവരുടെ കാര്യം ഇന്നും പരിതാപകരമാണ്. അങ്ങനെ അലയുന്നവർക്കും വലയുന്നവർക്കും ഇതാ ഒരു ആശാകേന്ദ്രം—അഭയസ്ഥാനം!

ഈ സ്ഥാപനം അതിൻെറ പൂർണ്ണരൂപത്തിൽ പ്രവർത്തിച്ചു തുടങ്ങുമ്പോൾ വിദ്യാഭ്യാസ–തൊഴിലവസര മാർഗ്ഗനിർദ്ദേശങ്ങൾ, ജീവിതപ്രശ്നങ്ങളിൽ പിരിമുറുക്കം അനുഭവിക്കുന്നവർക്കു് കൗൺസിലിംഗിനുള്ള സൗകര്യം എന്നീ തലങ്ങളിലേക്കും ഇതിൻെറ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്, അങ്ങനെ എല്ലാം കൊണ്ടും എല്ലാവർക്കും ആവശ്യമായ ഒരു ഗൈഡൻസ് സെൻററാണ് വിഭാവനം ചെയ്യുന്നതു്.

ഉള്ളൂരിൽ രണ്ടര ലക്ഷം രൂപാ മുടക്കി പതിനഞ്ചു സെൻറു സ്ഥലം പ: സഭയുടെ പേരിൽ വാങ്ങിയിട്ടുണ്ട്. 15 ലക്ഷം രൂപാ എസ്റ്റിമേററു ചെയ്തിരിക്കുന്ന ഈ പദ്ധതിയുടെ ആദ്യഘട്ടത്തിനു് അഞ്ചു ലക്ഷം രൂപ വേണ്ടിവരും. ഇതിലേക്കായി പണിയുന്ന കെട്ടിടത്തിൻെറ ആദ്യത്തെ നിലയിൽ ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി ചെറിയൊരു ചാപ്പൽ, ഓഫീസ്, എല്ലാ സൗകര്യങ്ങളുമുള്ള രണ്ടു് ഡോർമിററി, അടുക്കള, ഭക്ഷണമുറി എന്നിവകളാണ്.

പ: ബാവാ തിരുമനസ്സു കൊണ്ടു് ഈ പ്രസ്ഥാനത്തിൻെറ രക്ഷാധികാരിയാണ്. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസിഡൻറും ഗീവറുഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ ജോയിൻറ് പ്രസിഡൻറും, കെ. ററി. ചാണ്ടി ഡയറക്ടറും, എം. ജെ. ജോൺ ട്രഷറാറും, ഫാ. വറുഗീസ് ജോൺ കോ–ഓർഡിനേററും ആയി പ്രവർത്തിക്കുന്നു. മാവേലിക്കര മിഷൻ ട്രെയിനിംഗ് സെൻററിലെ പഠനം പൂർത്തിയാക്കിയ പി. എം. ഏബ്രഹാം താല്ക്കാലിക ഷെഡിൽ താമസിച്ചു് പ്രവർത്തനങ്ങളിൽ സഹായിക്കുന്നു.

കാലഘട്ടത്തിൻെറ അടിയന്തിരാവശ്യമായ ഈ പുതിയ പ്രസ്ഥാനത്തിലേക്കു് നിങ്ങൾ ഏവരുടേയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹായ സഹകരണവും അഭ്യർത്ഥിക്കുന്നു.

വിലാസം: സെൻറ് തോമസ് കാരുണ്യാ ഗൈഡൻസ് സെൻറർ, ഉള്ളൂർ മെഡിക്കൽ കോളജ് പി. ഒ. തിരുവനന്ത...

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 5 1988 ജൂലൈ 29 ലക്കം 23

# നാം അടിമകളോ?

സ്വാതന്ത്ര്യത്തിലേക്കു സൃഷ്ടിക്കപ്പെട്ട മനുഷ്യനെ അടിമയാക്കുക അത്ര എളുപ്പമല്ല. അഥവാ അടിമയാക്കപ്പെട്ടാൽത്തന്നെ കിട്ടുന്ന അവസരമുപയോഗിച്ച് അവൻ അതിനെതിരായി ശാരീരികമായും മാനസികമായും യുദ്ധംചെയ്യുവാൻ തയ്യാറാകും. ശിക്ഷയ്ക്കു വിധിക്കപ്പെട്ട കുററവാളിയായാൽപ്പോലും ഇരുമ്പഴിയ്ക്കുള്ളിലെ ഏകാന്തവാസം സ്വാഗതം ചെയ്യുക സ്വാഭാവികമല്ല. യാത്രക്കാരെ കുത്തിനിറച്ചിരിക്കുന്ന ബസ്സിൽ സഞ്ചരിക്കുന്നയാളും തലയെങ്കിലും ബസ്സിന്റെ വശത്തേക്ക് ഒന്നു നീട്ടാനോ പുറത്തേക്ക് ഒന്നു നോക്കാനോ ബദ്ധപ്പെടുന്നതു് ഒരു സാധാരണ കാഴ്ചയാണല്ലോ.

മനുഷ്യന്റെ നൈസർഗ്ഗികമായ സ്വാതന്ത്ര്യതൃഷ്ണ മൗലികമാണെങ്കിലും അതിനു നിർവചനവും വ്യാപ്തിയും അർത്ഥവും ലഭിക്കുന്നതു് അതിന് സ്വാഭാവികമായിത്തന്നെ ചില മതിൽക്കെട്ടുകളും അതിരുകളും ഉണ്ടാകുമ്പോഴാണ്. വസ്തുവിന് ചുററു മതിലും ഉറപ്പുള്ള ഗേററുമുണ്ടായാൽ ഉടമസ്ഥന് യഥേഷ്ടം പുറത്തു പോകുകയോ അകത്തു വരികയോ ചെയ്യാം. ഒരു രാജ്യത്തു് ചില ലിഖിത നിയമങ്ങളും അലിഖിത പാരമ്പര്യങ്ങളുമുണ്ടാകും. അവയൊന്നും രാജ്യനിവാസികളുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നതാണെന്ന് ആരും പറയില്ല. സ്വാതന്ത്ര്യത്തെ ഹനിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്ന നിയമങ്ങളുണ്ടായാൽ ജനങ്ങൾ അവയെ വേഗം തിരിച്ചറിയും; എതിർക്കുകയും ചെയ്യും.

നാട്ടിലും കാട്ടിലും ഒരുപോലെ ചില നടപ്പുകളും മര്യാദകളുമുണ്ട്. അവ നിവാസികളുടെ വ്യക്തിസ്വാതന്ത്ര്യത്തിന് അലങ്കാരവും, സ്വാതന്ത്ര്യത്തെ പരിരക്ഷിക്കുന്നവയുമായി നിലകൊള്ളുന്നു. ഗ്രാമത്തിലും നഗരത്തിലുമെല്ലാം ഇതുതന്നെ സ്ഥിതി. എന്നാൽ ആരെങ്കിലും തന്റെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ മറവിൽ ഈ വ്യവസ്ഥിതികളെ വെല്ലുവിളിക്കുകയോ, ലംഘിക്കുകയോ ചെയ്താൽ സമൂഹം അതിനെ തികഞ്ഞ ഗൗരവത്തോടെ വീക്ഷിക്കുകയും, ചിലപ്പോൾ യുക്തമായ ശിക്ഷകൾ നൽകുകയും ചെയ്യും. ഒരു സംഘടനയിൽ അംഗമായിരിക്കുന്നയാൾ അതിന്റെ നിയമാവലിയെന്ന ചട്ടക്കൂട്ടിനെ സമാദരിക്കാൻ സർവ്വഥാ ബാദ്ധ്യസ്ഥനാണ്. നിയമവ്യവസ്ഥയ്ക്കുള്ളിൽ നിന്നുകൊണ്ട് അതിനെ കുററപ്പെടുത്തുകയോ, അഥവാ പരസ്യ

## ധ്യാനപീഠം

മായി നിയമലംഘനം നടത്താൻ ശ്രമിക്കുകയോ ചെയ്യുന്നതു് വ്യക്തിസ്വാതന്ത്ര്യമൊന്നുമല്ല. അതു് അങ്ങനെ പ്രവർത്തിക്കാനൊരുമ്പെടുന്നവരുടെ ദുഃസ്വാതന്ത്ര്യം മൂലം അന്യരുടെ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുക എന്ന അവസ്ഥയിലെത്തും.

ഒരു പ്രത്യേക സമൂഹമോ സംഘടനയോ അതതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേററിക്കൊണ്ട് നിലനില്ക്കണമെങ്കിൽ അതിന് ചില ചട്ടക്കൂടുകളും എല്ലാവരും അനുസരിക്കാൻ ബാദ്ധ്യതയുള്ള നിയമ സംവിധാനവും കൂടിയേ തീരൂ. അംഗങ്ങൾ സന്തോഷത്തോടുകൂടി പ്രസ്തുത നിയമാവലികളെ പാലിക്കുക എന്നതാണ് സംഘടനയുടെ ശ്രേയസ്കരമായ നിലനില്പിനും സമഗ്രമായ പുരോഗതിക്കും അടിതീയമായ നിദാനം. എന്നാൽ അംഗങ്ങൾ നിയമാവലികൾ പാലിക്കാതെ നടക്കുകയോ, പിറുപിറുപ്പോടെ പാലിച്ചെന്നു വരുത്തുകയോ ചെയ്യുന്നുവെങ്കിൽ അതു് മാതൃകാദോഷവും, സംഘടനയുടെ വളർച്ചയ്ക്കും സ്ഥിരതയ്ക്കും വിഘാതം വരുത്തുമെന്നതു് നിസ്തർക്കമാണ്.

വ്യക്തിസ്വാതന്ത്ര്യമെന്ന കപടലേബലിന്റെ മറവിൽ തന്നിഷ്ടം നടത്തി, വ്യവസ്ഥാപിത അധികാര സ്ഥാനങ്ങൾക്കു കീഴടങ്ങാതെ, ഞാൻ 'ഒന്നിനും ആർക്കും അടിമയല്ല' എന്നു വീമ്പിളക്കുന്നവർ പുരോഗമന വാദികളല്ല, സമൂഹ നന്മയ്ക്കു തുരങ്കം വയ്ക്കുന്ന ശത്രുക്കളാണ്. 'സൗകര്യംപോലെ നിയമങ്ങൾ പാലിച്ചാലെന്താണ്? സമയനിഷ്ഠയും അന്യൂനമായ നിയമപാലനവുമില്ലാതെ മോക്ഷപ്രാപ്തിയുണ്ടാവില്ലേ?' എന്നിത്യാദി ചോദ്യങ്ങൾ ഉയർന്നു വരുമ്പോൾ, അതിന്റെ വക്താക്കൾ നിയമം അന്യരുടെ മേൽ കെട്ടിവയ്ക്കാനല്ലാതെ സ്വയം പാലിക്കുന്നതിൽ അശേഷം താല്പര്യമില്ലാത്തവരാണെന്നു നിസ്സംശയം ഗ്രഹിക്കാം. ഇഷ്ടമുള്ള നിയമങ്ങൾ സൗകര്യംപോലെ അനുസരിക്കുകയും അല്ലാത്തവ വിസ്മരിച്ചു കളവാൻ ശങ്കയില്ലാതെയിരിക്കുകയും ചെയ്യുന്നതു് അവരുടെ ഒരു പ്രത്യേകതയാണ്.

ആരും ആർക്കും അടിമകളല്ല; ആകാനും പാടില്ല. മനുഷ്യർ ദൈവത്തിന്റെ മുമ്പിൽ മാത്രമേ അടിമയാകുന്നുള്ളു. അവിടെയും അടിമയല്ല; മക്കളായിട്ടാണ് കരുതപ്പെടുന്നതു്. പക്ഷെ മനുഷ്യർ, അവരവർ അവശ്യം പാലിച്ചിരിക്കേണ്ട നിയമങ്ങൾക്കു പൂർണ്ണമായി വിധേയരാവുകയും, കീഴടങ്ങേണ്ടവർക്കു കീഴടങ്ങുകയും വേണം. സന്തോഷത്തോടെ അനുസരിക്കാൻ ശീലിച്ചിട്ടില്ലാത്തവന് അന്യരെ 'അനുസരിപ്പിക്കാൻ' വേണ്ട ധാർമ്മിക പശ്ചാത്തലവും ധൈര്യവുമുണ്ടാകയില്ല.

**പ്രാർത്ഥന:** സ്വാതന്ത്ര്യത്തിനായി ഞങ്ങളെ സ്വതന്ത്രരാക്കിയ ക്രിസ്തുനാഥാ, നീയൊഴികെ മററൊന്നിനും അടിമകളാകാതിരിപ്പാനുള്ള സ്വാതന്ത്ര്യബോധം ഞങ്ങൾക്കു നൽകണമേ. എന്നാൽ അനുസരിക്കേണ്ടവരെ അനുസരിപ്പാനും, അനുഷ്ഠിക്കേണ്ട നിയമങ്ങൾ സർവ്വാത്മനാ അനുഷ്ഠിപ്പാനുമുള്ള വിനയം ഞങ്ങൾക്കുണ്ടാകണമേ. നിയമങ്ങളെയും നിയമദാതാക്കളെയും വിമർശിക്കുന്നവരാകാതെ, ഞങ്ങളുടെ തന്നെ ഉൽക്കർഷത്തിനുതകുന്ന നിയമങ്ങൾ അഭംഗുരം പാലിക്കുവാൻ ഞങ്ങൾക്കു മനസ്സു നൽകേണമേ!

**ചിന്താവിഷയം:** 1 പത്രോസ് 2:13 'സകല മാനുഷ നിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ

**ഫാ: ജേക്കബ് ചെറിയാൻ**



# ക്രിസ്താനുകരണം

**തോമസ് എ. കെംപിസ്**

വിവ: പ്രൊഫ. കെ. വി. തമ്പി

### യേശുവിന്റെ കുരിശിനെ സ്നേഹിക്കുന്നവരുടെ വൈരള്യത്തെപ്പററി

ഇക്കാലങ്ങളിൽ സ്വർഗ്ഗീയ രാജ്യത്തെ സ്നേഹിക്കുന്നവർ അനവധിയുണ്ട്; എന്നാൽ യേശുവിന്റെ കുരിശിനെ വഹിക്കുന്നവർ വിരളവും. സൗഖ്യം അഭിലഷിക്കുന്നവർ അനേകം; എന്നാൽ പരീക്ഷണങ്ങൾക്ക് സന്നദ്ധരാവുന്നവർ വിരളവും. തന്റെ വിരുന്നുമേശ പങ്കിടുന്ന അനേകരെ അവൻ കണ്ടിട്ടുണ്ട്; തന്റെ ഉപവാസത്തിൽ പങ്കുചേരുന്നവരെ വിരളമായും. സകലരും അവനോടൊപ്പം പ്രമോദംകൊള്ളുവാൻ കൊതിക്കുന്നു; എന്നാൽ അവനുവേണ്ടിയുള്ള സഹനത്തിനു സന്നദ്ധരായവർ വിരളവും, അപ്പം മുറിക്കുന്നതുവരെ അനേകർ യേശുവിനെ അനുഗമിക്കുന്നു; എന്നാൽ അവന്റെ പീഡാനുഭവത്തിന്റെ പാനപാത്രം കുടിക്കുന്നിടത്തോളം ചെല്ലുന്നവർ വിരളവും. അവന്റെ അത്ഭുതങ്ങളിൽ മഹത്വം ദർശിക്കുന്നവർ അനേകരെങ്കിലും കുരിശിന്റെ അപമാനത്തിൽ അവരെ അനുഗമിക്കുന്നവരോ അല്പംമാത്രം. സൗഖ്യം അവനിൽനിന്നു കിട്ടുന്നകാലത്തോളം അവർ അവനെ സ്തുതിക്കുകയും ആശീർവദിക്കുകയും ചെയ്യുന്നു; എന്നാൽ യേശു സ്വയം ഒളിക്കുകയോ അല്പനേരം അവരെ ഉപേക്ഷിക്കുകയോ ചെയ്താൽ അവർ തിക്തമായി പരിദേവനം ചെയ്യുകയോ മഹാനിരാശതയിൽ നിപതിക്കുകയോ ചെയ്യും.

അവനിൽനിന്ന് ലഭിക്കുന്ന സൗഖ്യത്തിനുവേണ്ടിയല്ലാതെ അവനുവേണ്ടിമാത്രം യേശുവിനെ സ്നേഹിക്കുന്നവർ, ഏററവും സമ്പന്നമായ ആദ്ധ്യാത്മികസൗഖ്യത്തിനു മദ്ധ്യേ തങ്ങൾ ചെയ്യുമ്പോലെ ഹൃദയത്തിന്റെ എല്ലാ ശോധനയിലും യാതനയിലും അവനെ ധന്യവാദം ചെയ്യുന്നു. തങ്ങൾക്ക് സൗഖ്യം അണയ്ക്കാൻ യേശു സന്നദ്ധനല്ലെങ്കിൽപോലും അവൻ സദാ അവനെ സ്തുതിക്കുകയും നന്ദി ഓതുകയും ചെയ്യും. വൈയക്തികമായ നേട്ടത്തിന്റെ ചിന്തയുമായോ എന്തെങ്കിലും തരം സ്വാർത്ഥാന്വേഷണവുമായോ സങ്കലനം ചെയ്യപ്പെടാത്ത യേശുവിനായുള്ള ശുദ്ധസ്നേഹത്തിൽ എന്തൊരു ശക്തിയാണുള്ളതു്!

ആദ്ധ്യാത്മിക സൗഖ്യങ്ങളെ സദാ അന്വേഷിക്കുന്നവർക്ക് യോഗ്യമായ നാമം തീർച്ചയായും 'വേതനത്തിനുവേണ്ടി പൊരുതുന്നവർ' എന്നാകുന്നു; സ്വന്തം ലാഭത്തേയും മെച്ചത്തേയുംകുറിച്ച് സദാ ചിന്തിക്കുന്നവർ തികച്ചും വ്യക്തമായി തങ്ങളെത്തന്നെ സ്നേഹിക്കുന്നു; ക്രിസ്തുവിനെയല്ല.

ഒന്നുമില്ലായ്മയ്ക്കായി ദൈവത്തെ സേവിക്കുവാൻ സന്നദ്ധനായ ഒരുവനെ എവിടെ നിങ്ങൾ കണ്ടെത്തും? അഖിലവും ഉരിഞ്ഞുകളഞ്ഞു് തികച്ചും ആദ്ധ്യാത്മികനായ ഒരുവനെ കണ്ടെത്തുക വല്ലപ്പോഴുമാണ്. ആത്മാവിൽ സത്യമായും ദരിദ്രനായ, എല്ലാ സൃഷ്ടികളെയും തന്നിൽനിന്നൊഴിച്ചുകളഞ്ഞ ഒരുവനെ ആർക്കുകണ്ടെത്താനാവും. അത്തരം ഒരു മനുഷ്യൻ, വിദൂരതീരങ്ങളിൽനിന്ന് പ്രത്യാനയിക്കപ്പെട്ട ഒരമൂല്യമായ നിധിയാകുന്നു.

ഒരുവൻ ഈ ലോകത്തിൽ അവന്േറതായ സർവ്വസ്വവും ത്യജിച്ചാലും അതു് ഒന്നുമല്ല. അവൻ മഹാതപസ്സനുഷ്ഠിച്ചാലും അതു് ഒരു നിസ്സാരകാര്യം മാത്രം. അവൻ സമസ്തവിജ്ഞാനവും ആർജ്ജിച്ചാലും അതും അപൂർണ്ണമത്രെ. മഹത്തായ നന്മയും ഉജ്ജ്വലമായ ഭക്തിയും അവനുണ്ടായാലും അവന് ഏററവും ആവശ്യമായതിന്റെ അഭാവം അവശേഷിക്കുന്നു. അതുകൊണ്ട് സർവ്വവും സംത്യജിക്കുക; അനന്തരം തന്നെത്തന്നെയും. സ്വാർത്ഥത്തെ സമ്പൂർണ്ണമായി പിന്നിൽ ഉപേക്ഷിക്കുക; ആത്മസ്നേഹത്തിന്റെ ഒരവശിഷ്ടവും തന്നിൽ അരുതു്. അവൻ ഗണനാർഹമായ എന്തെങ്കിലും അനുഷ്ഠിക്കുകയാണെങ്കിൽ അതിനെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യരുതു്. പകരം താൻ ഒരു വിലയില്ലാത്ത സേവകനാണെന്ന് സത്യസന്ധമായി പ്രഖ്യാപിക്കുക. സത്യം തന്നെയായ അവൻ പറയുന്ന പോലെ, 'നിന്നോടാജ്ഞാപിക്കപ്പെട്ട വയെല്ലാം നീ ചെയ്താലും, ഞങ്ങൾ സേവകരാണെന്നും നിസ്സാരരാണെന്നും നീ പറയേണ്ടിയിരിക്കുന്നു.' അപ്പോൾ അവൻ യഥാർത്ഥമായും ദരിദ്രനും ആത്മാവിൽ നഗ്നനുമാകും; എങ്കിൽ പ്രവാചകനോടൊപ്പം ഇങ്ങനെ പറയുവാൻ കഴിയും– 'ഞാൻ മിത്രരഹിതനും നിരാലംബനുമാകുന്നു.' എങ്കിലും തന്നേയും സകല വസ്തുക്കളെയും എങ്ങനെ ത്യജിക്കണമെന്ന് അറിയുന്ന, ഏററവും താണതലത്തിൽ സ്വയം പ്രതിഷ്ഠിക്കുന്നവന് മററാരെക്കാളും അധികം ധനങ്ങളും ശക്തിയും സ്വാതന്ത്ര്യവും ഉണ്ട്.

ആരാധനാപഠനം തുടർച്ച

# ആരാധനാഗീത സമീക്ഷ

**പ്രൊഫ: എൻ. ഐ. നൈനാൻ ശൂരനാട്**

സ്ലീബാ–രാത്രി നമസ്കാരം
ഒന്നാം കൗമാ
എക്ബാ
(ആബോക്സബ്രവോ)
ഗീതം–
ലോകം രക്ഷിപ്പാ–നേകൻ
സുതനവതാരം ചെയ്യുമ്പോൾ
മാതാവായ് കന്യ
മറിയാമ്മിനെയേറെ
ന്നൊരു ലേഖനമെഴുതി–
ത്താതൻ
വിട്ടാൻ ദൂതനെ ന–സറേ
ത്തിൽ

അർത്ഥം–ലോകത്തെ രക്ഷിക്കുവാനായി ഏകജാതനായ പുത്രൻ അവതാരം ചെയ്യും. അപ്പോൾ അവന് മാതാവായിരിക്കുന്നതിന് കന്യക മറിയാമ്മിനെ തെരഞ്ഞെടുത്തിരിക്കുന്നു എന്നുള്ള ഒരു സന്ദേശം എഴുതി പിതാവായ ദൈവം നസറേത്തിൽ അവളുടെ അടുത്തേക്കു ഒരു ദൂതനെ വിട്ടു.

കോലോ
(ബ്സൂൽത്തോയെൽ ദസ്സൂമോറോ)
ഗീതം–
കന്യക പെററാളൽഭുതനെ
അവനെ വരിൻ പരിശോ
ധിക്കാം
തലമുറകൾക്കാദ്യൻ
കീറത്തുണിചുററി
പൗരാണികനാം വൃദ്ധനെയ–
ക്കന്യക പ്രസവിച്ചു
മലകളെയേന്തും ബലവാനെ
ബാലിക ലാളിച്ചു:
അപ്പം ദീനർക്കേകുന്നോൻ
സ്തന്യം ശിശുപോൽ നുക
രുന്നു
ആദിയെഴാത്തോനാം സൂനു
ആദിയെഴാനിഷ്ടം; പൂണ്ടു;
അവസാനവിഹീനൻ
ജനനത്തിന്നെത്തി
ബാററക്മോർ
ശുബഹോ....
മെനഓലം....
മോഹന സുന്ദരനാമങ്ങൾ
നല്കീ പൂർവ്വിക നീതിജ്ഞർ
കന്യക ദാവീദിൻ
മകൾ മറിയാമ്മിന്നായ്
'പൂട്ടിയ വാതിലി'
തെന്നേവം
ഹസ്കീയേലോതി
'പൂട്ടിയതോട്ട' മടച്ചോരു
റൈറ' ന്നേവം ശ്ലേമൂൻ
'പുരി' യെന്നേവം ദാവീദും
ജാതികളെപോഷിപ്പിപ്പാൻ
വിത്തില്ലാതെ മുളച്ചൊരു
നൽ
സസ്യം താൻ മശിഹാ
നാഥൻ
തൽ സ്മൃതിമാനിച്ചാൻ
ഊഴിയിലും മേലും
മൊറിയോറാഹേം...

അർത്ഥം– കന്യക അത്ഭുതത്തെ പ്രസവിച്ചിരിക്കുന്നു. വരുവിൻ, നമുക്ക് അവനെ പരിശോധിക്കാം. തലമുറകൾക്കു മുമ്പേ ഉള്ളവനായ ആ ആദ്യ

(ശേഷം 6–ാം പേജിൽ)

നോവൽ

നോവൽ

# പുതിയ പുലരികൾ തേടി

—അന്തിനാട്ട് ജോസ്

## അദ്ധ്യായം നാല്

അകലെനിന്നും വീശുന്ന കാററിന് പകൽവെയിലിന്റെ ചൂടുണ്ടായിരുന്നു. തരുലതാദികൾ വെയിലേററ് തളരാൻ തുടങ്ങിയിരുന്നു. മാനത്തിന്റെ മദ്ധ്യത്തിലേയ്ക്കു നിരങ്ങി നീങ്ങുന്ന സൂര്യൻ.

കറിയാച്ചൻ പിന്നെയും കാതോർത്തു. ദേവാലയത്തിൽ നിന്നും ഉച്ചഭാഷിണിയിലൂടെ എന്തെങ്കിലും സ്വരം കേൾക്കുന്നുണ്ടോ? ചടങ്ങുകൾ ഏതാണ്ടു കഴിയാറായിരിക്കുന്നു. ഏറിയാൽ ഇനി ഏതാനും മിനിററുകൾമാത്രം. അപ്പോഴേക്കും വധൂവരന്മാർ ഡസൻ കണക്കിനു കാറുകളുടെ അകമ്പടിയോടെ ബംഗ്ലാവിനു മുററത്തെത്തുന്ന ആ കമനീയരംഗങ്ങളും കിനാവുകണ്ട് കറിയാച്ചൻ ഇരിക്കുന്ന നേരത്താണ് മുറിയ്ക്കു പുറത്ത് നിരവധി കാലടി ശബ്ദങ്ങൾ അയാളുടെ കാതിലെത്തിയത്.

കറിയാച്ചൻ എണീററ് വാതിൽക്കലെത്തി പുറത്തേയ്ക്കു ഒന്നു നോക്കി.

ഒരു നിമിഷം എവിടെനിന്നോ ശിരസ്സിൽ കനത്ത ഒരടിയേററതുപോലെ അയാൾ തരിച്ചുനിന്നു.

സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. താനെന്താണീ കാണുന്നത്? ഏതോ ഒരു പേക്കിനാവു കാണുന്നതുപോലെ.

വിൽസൺ! തന്റെ മകൻ!! എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടന്നു കരുതിയ തന്റെ മകൻ!!

ദൈവമേ! അവനീ വേഷത്തിൽ വീണ്ടും തന്റെ ബംഗ്ലാവിലെത്തുകയോ?

താൻ നിൽക്കുന്ന തറ ഒന്നാകെ ഇളകുന്നതായിതോന്നി. തലചുററി വീഴാതിരിക്കുവാനായി അയാൾ പണിപ്പെട്ടു.

കുറെ നിമിഷത്തേയ്ക്ക് എന്തു ചെയ്യണമെന്നറിയാതെ അയാൾ പകച്ചുനിന്നു. യാതൊരു പിടിയുമില്ല.

നീണ്ട ദശാബ്ദങ്ങൾക്കുശേഷം തന്റെ മകൻ തിരിച്ചെത്തിയിരിക്കുന്നു. അവൻഎന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടവനായി കരുതിയിരുന്നു. അവൻ ഒത സുപ്രഭാതത്തിൽ വീട്ടിൽ തിരിച്ചെത്തുക. അതും എല്ലാം കൊണ്ടും തകർന്നവനായി.

'ചേച്ചമ്മ മുറിയ്ക്കുള്ളിലേയ്ക്ക് കടന്ന് ഭർത്താവിനോടു പറഞ്ഞു.

'നിങ്ങളെന്താ ഇങ്ങനെ നോക്കിനിൽക്കുന്നത്

അവൻ വന്നിട്ടു നിങ്ങൾക്കു സന്തോഷമില്ലേ? നിങ്ങൾ എന്താ അവനെത്തന്നെ ഇങ്ങനെ നോക്കി തുറിച്ചുനില്ക്കുന്നത്?'

അയാൾ വികാരാവേശത്തോടെ, മനസ്സിൽ തികട്ടിവന്ന ദേഷ്യത്തോടെ പറഞ്ഞു.

'നീ എന്റെ ആരുമല്ല. ചെറുപ്പത്തിലെ എന്നെ ഉപേക്ഷിച്ചുപോയവൻ വരാൻകണ്ട സമയം. അദ്ധ്വാനിച്ചു പണമുണ്ടാക്കിയ്പ്പോഴേക്കും ഒരുത്തൻ വലിഞ്ഞുകേറി വന്നിരിക്കുന്നു. പോരാത്തതിന്എവിടെയോ കിടന്ന ഒരു തേവടിശ്ശിയേയും കൂട്ടി' ഒരു നിമിഷംപോലും നിൽക്കരുത്. വരാൻകണ്ട ഒരു സമയം.

അത്രയും പറഞ്ഞപ്പോഴേയ്ക്കും കറിയാച്ചൻ വല്ലാതെ കിതച്ചു. അയാളിൽനിന്നും ഒരിക്കലും അത്തരം വാക്കുകൾ പ്രതീക്ഷിച്ചിരുന്നില്ല. ഓർക്കാപ്പുറത്ത് ഒരടിയേററതുപോലെ ചേച്ചമ്മയും വറീതും വിൽസണുമെല്ലാം ചലനമററതുപോലെനിന്നു. നിമിഷങ്ങൾ അവിടെ തീഗോളങ്ങളായി പൊഴിഞ്ഞുവീഴുകയാണ്.

എല്ലാവരും അപാരമായ ഒരു ഞടുക്കത്തിൽനിന്നും വിമുക്തി നേടാൻ കഴിയാതെ തരിച്ചുനിന്നു.

ആരും സ്വപ്നത്തിൽപോലും പ്രതീക്ഷിക്കാത്ത ഒരു രംഗം. അപ്പച്ചാ വിൽസൺ നിറഞ്ഞ കണ്ണുകൾ തുടച്ചുകൊണ്ടു വിളിച്ചു.

'ഞാൻ വന്നത് ഇഷ്ടമില്ലെങ്കിൽ ഇതാ പോകുന്നു. ജയ്സണും ഭാര്യയ്ക്കും ഞങ്ങൾ ഒരു പക്ഷെ അപമാനമായിരിക്കാം. എങ്കിലും എന്റെ ഭാര്യയെ അപ്പച്ചൻ ആക്ഷേപിച്ചത് ശരിയായില്ല. അവൾ വിശ്വസ്തയാണ്. ഭർത്താവിനെ ദൈവമായി കണക്കാക്കുന്നവളാണ് അവൾ. എന്നെ എന്തു പറഞ്ഞാലും എനിക്കു ദുഃഖമില്ലായിരുന്നു. എന്റെ ഭാര്യയെ പറഞ്ഞത് ശരിയായില്ല..

അവൻ തെല്ലു നിറുത്തി.

'ഡെയ്സീ, നമുക്കുപോകാം. നമ്മൾ നിമിത്തം ആരും അപമാനിതരാകരുത്. എല്ലാവർക്കും മംഗളങ്ങൾ നേർന്നുകൊണ്ട് ഞങ്ങൾ പോകുന്നു .

അവർ തിരിഞ്ഞുനടന്നു,

അവർ നടന്നു മറയുന്നതും നോക്കി അയാൾ നിന്നിമേഷനായി നിന്നു.

'നിങ്ങൾ അവരെ തിരിയെ വിളിക്കൂ. അവനും എന്റെ വയററിൽ പിറന്ന നിങ്ങളുടെ മകനല്ലേ? എന്തൊരു കണ്ണിൽ ചോരയില്ലാത്ത മനുഷ്യനാണു നിങ്ങൾ? നമുക്ക് പണമുണ്ടായെന്നു കരുതി അവൻ നമ്മുടെ മകനല്ലാതായിത്തീരുമോ?

നിങ്ങൾ പിറകേ ചെന്ന് അവനെ വിളിച്ചുകൊണ്ടു വരൂ......'

'ചേച്ചമ്മ കറിയാച്ചന്റെ തോളിൽത്തട്ടി മുന്നോട്ടുതള്ളി......—

'എനിക്കങ്ങനെ യൊരു മകനില്ല. ഉണ്ടായിരുന്നെങ്കിൽ അവനിത്രയും നാൾ എവിടായിരുന്നു? അവനെ ഓർത്ത് നമ്മൾ എന്തുമാത്രം നീറി. നമ്മളോട് അവനുസ്നേഹമുണ്ടായിരുന്നെങ്കിൽ അവൻ തീർച്ചയായും എത്രയോ വർഷങ്ങൾക്കുമുമ്പേ തിരിച്ചെത്തുമായിരുന്നു. നമുക്കു പണമുണ്ടായപ്പോൾ അവൻ ഒരുത്തിയേയും കൂട്ടി തിരിച്ചെത്തി. പണമില്ലായിരുന്നെങ്കിൽ അവൻ ഒരിക്കലും നമ്മളെത്തേടി വരില്ലായിരുന്നു. പുകഞ്ഞ കൊള്ളി പുറത്ത്''

കറിയാച്ചൻ തെല്ലു നിറുത്തി: പിന്നെയും എന്തൊക്കെയോ പറയാൻ അയാളുടെ ചുണ്ടുകൾ വിതുമ്പി.

ചേച്ചമ്മയും വറീതും ഏതോ സ്വപ്നം കാണുന്നതുപോലെ അയാളുടെ മുഖത്തേയ്ക്കു തന്നെ നോക്കി തരിച്ചുനിൽക്കുകയാണ്. ആ മുഖത്തു വലിഞ്ഞു മുറുകുന്ന പേശികൾ കണ്ടപ്പോൾ വറീതിന് അത്ഭുതം തോന്നി. നഷ്ടപ്പെട്ട മകൻ തിരിയെ വരുമ്പോൾ കറിയാച്ചൻ എല്ലാം മറന്ന് ആനന്ദംകൊണ്ട് തുള്ളിച്ചാടുമെന്നും അവനെ 'മോനെ' എന്നു വിളിച്ച് ചേച്ചമ്മയെപ്പോലെ കെട്ടിപിടിക്കുമെന്നുമാണ് കരുതിയിരുന്നത്.

'കറിയാച്ചൻ വറീതിനെ നോക്കി പറഞ്ഞു.

'വറീതു ചേട്ടൻ ചെന്ന് നമ്മുടെ കാര്യങ്ങളൊക്കെ നോക്ക്. പോയവൻ പോകട്ടെ'

എല്ലാവരും പിരിഞ്ഞുപോയി, ചേച്ചമ്മ ആരും കാണാതെ കണ്ണുകൾ തുടച്ചു. അവൾക്ക് എല്ലാം ഓർത്തപ്പോൾ ശ്വാസംമുട്ടുന്നതായി തോന്നി.

ജയ്സന്റെ വിവാഹദിവസം തന്നെ അവൻ തിരിച്ചു വന്നിരിക്കുന്നു!

കറിയാച്ചനും ഓരോ നിമിഷവും അസ്വസ്ഥനായിക്കൊണ്ടിരുന്നു. അവൻ തിരിച്ചെത്താൻ കണ്ട ഒരുനേരം.

എവിടെ നിന്നോ കാറുകളുടെ ഇരമ്പൽ മുഴങ്ങുന്നു. എല്ലാ കണ്ണുകളും അകലേയ്ക്കു തിരിഞ്ഞു. ഒന്നിനു പിറകേ ഒന്നായി കാറുകൾ വരുന്നു. ഏററവും മുമ്പിലായി അലങ്കരിച്ച കാറിൽ വധൂവരന്മാർ ഇരിക്കുന്നു. പിന്നാലെ ഏതാണ്ട് രണ്ടുമൂന്നു ഡസൺ കാറുകളും എല്ലാ കാറുകളും ബംഗ്ലാവിനു മുമ്പിൽ വന്നുനിന്നു.

കാറിൽനിന്നും വധൂവരന്മാർ ഇറങ്ങി. ചേച്ചമ്മ അവരെ സ്വീകരിച്ചിരുത്തി. വധുവിന്റെ കഴുത്തിൽ മാല ചാർത്തി ചേച്ചമ്മ തന്റെ മരുമകളെ സ്വീകരിച്ചു.

കാറിൽ വരുന്ന വിരുന്നുകാരെയെല്ലാം കറിയാച്ചൻ സ്വീകരിച്ചിരുത്തി. അവരിൽ എല്ലാവരും സമൂഹത്തിലെ ഉന്നതൻമാർ. അവർക്കിടയിലൂടെ കറിയാച്ചൻ ഓടി നടന്നു. എല്ലാവരും യഥാസ്ഥാനങ്ങളിൽ ഇരുന്നു. അങ്ങനെ പാട്ടി ആരംഭിക്കുകയാണ്. ചേച്ചമ്മ മാത്രം അകത്തിരുന്ന് ആരും കാണാതെ കണ്ണുകൾ തുടച്ചു.

(തുടരും)

കവിത

# വ്രണിത ചിന്തകൾ

വ്രണിത ഹൃദയമുരുകിടുന്നു
വ്രണിത ഹൃദയകന്റെ
വ്രണിത ചിന്തകളുരുകിടുന്നു:
വ്രണിത ചിന്ത വിയർപ്പുകണങ്ങളായ്
ഊഷ്മതയിലുതിർന്നു വീഴുന്നു
കാലത്തളയ്ക്കുനക്കമെററവർണ്ണമായ്
കാലനൊമ്പരങ്ങളേററുവാങ്ങി
ഘനീഭവിച്ച നേർത്ത സ്മൃതികളിലേക്ക്
വഴുതിടുന്ന താഴ്വരക്കിനാക്കളും
കിളികളും തളയ്ക്കപ്പെട്ടീ
കാല്ത്തള വ്രണങ്ങളെ നോക്കി
പരുഷമായ് മന്ദഹസിച്ചുകന്നിടുന്നു

മനസ്സിന്നുള്ളുണർത്താൻ
വിലക്കപ്പെട്ട കനികൾതിന്നീ
തൊണ്ടവരണ്ടു വരണ്ടിന്നു
ശബ്ദമിടറുന്നു മുറിയുന്നു
ശബ്ദങ്ങളൊക്കെ മരിച്ചുവീഴുന്നു
അക്ഷരങ്ങളരക്ഷരായ്
വ്രണിത ഹൃദയത്തിലെത്തിടുന്നു
'താഴ്വരക്കുന്നിന്റെ നെറുകയിൽ
മൂന്നാം ആദമുയിർക്കുമോ'

ചേതനക്കാശാഭംഗമററപൂർണ്ണമായ്
ചോദ്യമായ്, രൂപമററ്, ഭാവമററ്
താളമററ്, വട്ടവററ്, ഹൃദയമററ്
തുണകളററ്, മുറിവിന്റെ, എരിവിന്റെ
തികവിന്റെയലകൾ... —
പുകയുടെ പകയുടെ തീയുടെ
ജ്വാലകളിന്നപക്വമായുതിർന്നിടുന്നു
സ്മൃതിപഥമിവിടെയൊഴിഞ്ഞ
ഏദനായ്, അടയ്ക്കപ്പെട്ട
പറുദീസയായ് ഉരുട്ടിവെച്ച
കല്ലറയായ്:

സ്നേഹമററ നീതിയററ
നഗരസുവിശേഷം ഹൃദയവീഥിയിൽ
തറയ്ക്കപ്പെടുന്നു മുറിക്കപ്പെടുന്നു
കരകടന്നുകടൽ കടന്നു പറന്നകന്നു
പറവരാജ്യത്തെത്തിടുന്ന സു-വിശേഷമേ
വ്രണിത ഹൃദയം, മുറിഞ്ഞ സ്വപ്നം
കുഴിഞ്ഞ കൺകൾ, തുറന്ന വായ്കൾ
ഒഴിഞ്ഞ കൈയൊട്ടിയ വയറിവകൾ
ക്കെന്തു നീതി–

തകർന്ന കൈകളേ തളർന്ന കാൽകളേ
കല്ത്തുറുങ്കിൽ കാല്ത്തളയിൽ
ത്തറയ്ക്കപ്പെടാത്ത ഹൃദയമേ
വായ്തുറന്ന് നാവുയർത്തി
വികൃതികളെത്തളയ്ക്കു
വ്രണിത ഹൃദയങ്ങളെത്തകർക്കുന്ന
ബാശാൻകൂററങ്ങളെത്തുരത്തു

ജോൺ തോമസ് കരിങ്ങാട്ടിൽ

### ചീഫ് എഡിററർ എഴുതുന്നു.

# ജോൺ, പ്രിയപ്പെട്ട ജോൺ...

ആഴ്ചകൾ ഒന്നിലധികമായി താങ്കൾ ഞങ്ങളിൽ നിന്നും വേർപെട്ടിട്ട്. ദുഃഖസ്മൃതിയും പേറി ഇത്രയും ദിനങ്ങൾ കഴിഞ്ഞു. മറക്കാൻ ശ്രമിച്ചിട്ടും താങ്കളുടെ രൂപം ഓർമ്മയിൽ എപ്പോഴും തെളിഞ്ഞുയർന്നു വരുന്നു. ഹൃദയഭേദകമായിരുന്ന പെരുമൺ തീവണ്ടിയപകടം–അതിനുള്ളിൽ എന്റെ അനുജാ, താങ്കളും ഉണ്ടാകുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചില്ല. പ്രതീക്ഷിക്കുന്നതല്ലല്ലോ പലപ്പോഴും നടക്കുക. കോട്ടയം ദേവലോകം അരമനയിലെ 'കമ്മററി മീററിംഗ് റൂമി'ൽ വച്ചാണ് ഞാൻ ആ വാർത്തയറിഞ്ഞതു്. പരിശുദ്ധ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ ചരമ കനകജൂബിലി സമുചിതമായി ആചരിക്കണമെന്ന്, താങ്കളുൾപ്പെട്ട മാനേജിംഗ് കമ്മററി തീരുമാനിച്ചിരുന്നല്ലോ. അന്ന് പ്രസിദ്ധീകരിക്കുന്ന സുവനീറിന്റെ പ്രഥമയോഗത്തിൽ സംബന്ധിക്കാനാണ് ഞാനവിടെ ചെന്നതു്. കമ്മററിയിൽ പങ്കെടുത്ത മെത്രാപ്പോലീത്തന്മാരുടെ മുഖം ദുഃഖസാന്ദ്രമായിരുന്നു. വൈദികർ നിശബ്ദ ദുഃഖിതർ. അല്മായക്കാരായ ഞങ്ങളാകട്ടെ, താങ്കളെക്കുറിച്ചുള്ള ചിന്തയിൽ നീറിക്കൊണ്ടിരുന്നു. ഒന്നിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ വയ്യാത്ത അവസ്ഥ. ഉച്ചനമസ്ക്കാരത്തിനുശേഷം, അരമനയിലെ സ്വകാര്യ ചാപ്പലിൽനിന്നും പുറത്തുവന്ന പരിശുദ്ധ ബാവാ തിരുമേനി ആകപ്പാടെ സന്തപ്തചിത്തനായിരുന്നു.

പ്രിയപ്പെട്ട ജോൺ, എന്നാണ് നാം ആദ്യം കണ്ടുമുട്ടിയതു്? പരിചയപ്പെട്ടതു്? ആ ദിനങ്ങളിലേക്ക് ഞാൻ മടങ്ങട്ടെ. ആകെക്കൂടി ഒരിക്കൽ, ഒരിക്കൽ മാത്രമേ താങ്കളെ ഞാൻ കണ്ടിട്ടുള്ളു. സംസാരിച്ചിട്ടുള്ളു. ഒരു സായംകാലം. ഇരുൾ, ഭൂമിയിൽ പരക്കാൻ നിമിഷങ്ങൾ മാത്രം അവശേഷിക്കുന്ന സമയം. ദേവലോകത്തെ പഴയ അരമനയുടെ പൂമുഖപ്പടിയിൽവച്ചു നാം കണ്ടുമുട്ടി, 'ഹെറാൾഡ്' എഡിറേറാറിയലിൽ പങ്കെടുക്കാനാണ് ഞാനവിടെ വന്നതു്. താങ്കളാകട്ടെ ബാവാ തിരുമേനിയെ കാണാനും, കുലീനത്വം തുളുമ്പുന്ന മുഖശ്രീയോടുകൂടിയ താങ്കളെ എനിക്കിഷ്ടപ്പെട്ടു. മേൽചുണ്ടു മൂടിക്കിടക്കുന്ന സ്മശ്രുക്കൾ, ക്രാന്തദർശിത്വമുള്ള കണ്ണുകൾ. ആകാരത്തിനൊത്ത പ്രജ്ഞ. പരസ്പരം പരിചയപ്പെട്ടപ്പോൾ, നാം അന്യരോ പരദേശികളോ പ്രവാചകന്മാരോ അല്ലെന്നു തോന്നി. ക്രിസ്തുവിൽ ഒന്നായിത്തീർന്നു. സഭയും സാഹിത്യവും സംസ്കാരവും എല്ലാം എല്ലാം നമ്മുടെ ചിന്താവിഷയങ്ങളായി. സമാന ചിന്താധാരയുള്ള ഒരനുജനെ ലഭിച്ചതിൽ, ഞാൻ സന്തുഷ്ടനായി. ഹാ, ആ ധന്യനിമിഷങ്ങൾ ഓർമ്മയിൽ ഒളിവിതറി നില്ക്കുന്നു. നമ്മുടെ ആദ്യത്തേയും അവസാനത്തേയും ആയ കൂടിക്കാഴ്ച. പിന്നീടൊരിക്കലും നാം കണ്ടിട്ടില്ല. അകലങ്ങളിൽ ഉയരങ്ങളിൽ, സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിൽ പുഞ്ചിരി തൂകിക്കൊണ്ടിരിക്കുന്ന പ്രിയപ്പെട്ട ജോൺ—ഇനിയും താങ്കളുടെ ഭൗമിക സാന്നിദ്ധ്യം എനിക്കു ലഭ്യമല്ലല്ലോ.

എങ്കിലും ഞാൻ താങ്കളെ കാണുന്നു. കേൾക്കുന്നു, ഹ്രസ്വസുന്ദരമായ ജീവിതപാതയിൽ പതിഞ്ഞ വ്യക്തിമുദ്രകളിലൂടെ പ്രഗൽഭനായ ഒരദ്ധ്യാപകനായിരുന്നു താങ്കൾ. ബി. എസ്സിക്കും, എം. എസ്സിക്കും ഫസ്റ്റ് ക്ലാസ്സും ഫസ്റ്റ് റാങ്കും കരസ്ഥമാക്കിയ ആ മേധാശക്തിയുടെ മധുരോദാരഫലങ്ങൾ വിദ്യാർത്ഥികൾ അനുഭവിച്ചറിഞ്ഞിരുന്നല്ലോ. തിരുവല്ല മാർത്തോമ്മാ കോളജിലെ ഗണിത ശാസ്ത്രവിദ്യാർത്ഥികൾ, താങ്കളുടെ അമൃതവാണിയിൽ ആമഗ്നരായിരുന്നു. അവരിനി ആ ശബ്ദം കേൾക്കില്ല. അവരുടെ ദുഃഖം ഞാൻ കാണുന്നു. വിങ്ങിപ്പൊട്ടലുകൾ കേൾക്കുന്നു. നെടുവീർപ്പുകളിലമർന്ന ക്ലാസ്സ് മുറികൾ'. അറിവിൽ നിറവുള്ളവനായിരിക്കണമല്ലോ അദ്ധ്യാപകൻ, അറിവിന്റെ അധുനാതന മേഖലകളെ ആശ്ലേഷിക്കുവാൻ താങ്കൾ ഉൽസുകനായിരുന്നു. അങ്ങനെയല്ലേ, കേരള സർവകലാശാലയുടെ കാര്യവട്ടം യൂണിവേഴ്സിററി സെൻററിൽ, എം. ഫിൽ വിദ്യാർത്ഥിയായി ചേർന്നതു്. അവിടെയും അപ്രതിമൻ അനുപമൻ സർവ്വകലാശാലാദ്ധ്യാപകരുടെയും സുഹൃത്തുക്കളുടെയും കണ്ണിലുണ്ണി, സഹപാഠികളുടെയും സഹപ്രവർത്തകരുടെയും ആവശ്യങ്ങൾക്ക് വേണ്ടി ആഫീസുകൾ കയറിയിറങ്ങി കാര്യം സാധിച്ചെടുക്കാൻ താങ്കൾക്കുള്ള കഴിവ് അസാധാരണമായിരുന്നു. സുജന മര്യാദയിൽ കുതിന്ന പെരുമാററത്തിൽ ആരാണ്, ആകൃഷ്ടരാകാത്തതു്. എം. ഫിൽ കോഴ്സിനു് കാര്യവട്ടത്ത് സമകാലികനായിരുന്ന കോഴഞ്ചേരി സെൻറ് തോമസ് കോളജിലെ മലയാളം ലക്ച്ചറർ റവ: മാത്യു ദാനിയേലിനു് താങ്കളെക്കുറിച്ച് നല്ലതേ പറയാനുണ്ടായിരുന്നുള്ളു. വിശ്രമ വേളകളിൽ മാത്യു ദാനിയേലച്ചന്റെ മുറിയിൽ ചെല്ലാറുണ്ടായിരുന്നല്ലോ അവിടെയിരുന്നു. എന്തെന്തു കാര്യങ്ങളാണ് സംസാരിച്ചിരുന്നതു്. അവയെല്ലാം സമാഹരിച്ചാൽ ഒരു പുസ്തകത്തിന്റെ ഉള്ളടക്കമാകും. അതു സാധിക്കാതെ പോയി. സംഘടനാ പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്തിയിരുന്ന താങ്കൾ, കേരളാ മാത്തമാററിക്കൽ അസ്സോസിയേഷന്റെയും ചാത്തന്നൂർ ഫൈൻ ആർട്സ് സൊസൈററിയുടെയും സജീവ പ്രവർത്തകനായിരുന്നല്ലോ. മലങ്കര സഭയുടെ ആധുനിക ചരിത്രത്തിൽ സ്വീയ മുദ്ര പതിക്കാൻ പ്രിയപ്പെട്ട ജോൺ താങ്കൾക്കു കഴിഞ്ഞു.

തിരുവനന്തപുരം ഭദ്രാസന പ്രതിനിധിയായി മാനേജിംഗ് കമ്മററി യോഗങ്ങളിൽ പങ്കെടുത്തു നടത്തിയ ഉജ്ജ്വല പ്രഭാഷണങ്ങൾ ആർക്കാണ് മറക്കാൻ കഴിയുക. ഒരു ശാസ്ത്രവിദ്യാർത്ഥിയുടെ ഉൾക്കാഴ്ചയും അപഗ്രഥനപാടവവും ആ ധീരദൃഢസ്വരത്തിനുണ്ടായിരുന്നു. ചോദ്യോത്തരവേളകളിൽ, ബഡ്ജററ് ചർച്ചാസമ്മേളനങ്ങളിൽ താങ്കൾ നിറഞ്ഞു നിന്നിരുന്നു. സമ്മേളന പരിപാടികൾ റിപ്പോർട്ടു ചെയ്യാനെത്തിയ ഹെറാൾഡ് സ്റ്റാഫ് ലേഖകൻ, അതിനെക്കുറിച്ച് സംസാരിക്കുന്നതു് ഞാൻ കേട്ടിട്ടുണ്ട്''. ഉദ്ദേശശുദ്ധിയോടെ നിശിത നിരൂപണം നടത്തുമ്പോൾ സഭയുടെ സർവതോൻമുഖമായ പുരോഗതിയായിരുന്നു ലക്ഷ്യം. മറിച്ചാരെങ്കിലും വിശ്വസിച്ചിട്ടുണ്ടെങ്കിൽ അവക്കു അയ്യോ കഷ്ടം എന്നു ഞാൻ പറയും. മാനേജിംഗ് കമ്മററിയിലംഗമാകുക, ഒരു പദവിയായി മാത്രം കരുതയിരുന്നില്ല താങ്കൾ, ഇലയ്ക്കും മുള്ളിനും കേടു വരാതെ, ചാഞ്ഞും ചരിഞ്ഞും നട്ടെല്ലു വളച്ചും, തലച്ചോറു ചെരിപ്പിനടയിൽ പൂഴ്ത്തിയും അഭിപ്രായ പ്രകടനം നടത്തുന്ന പാരമ്പര്യം താങ്കൾക്കില്ലായിരുന്നു. ആ വ്യക്തിത്വത്തെ ഞാൻ ആദരിക്കുന്നു.

ശൈശവാവസ്ഥയെ പിന്നിട്ടു കൊണ്ടിരിക്കുന്ന തിരുവനന്തപുരം ഭദ്രാസനത്തിന്റെ കാവൽ ഭടന്മാരിൽ ഒരാളായിരുന്നു താങ്കൾ. യുവജന പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായി ധീര നേതൃത്വം നല്കിയപ്പോൾ, യഥാർത്ഥ നേതാവിന്റെ ശക്തിയും സൗന്ദര്യവും ഞങ്ങൾ കണ്ടു. ഭദ്രാസനത്തിന്റെ ആദ്ധ്യാത്മിക നവോത്ഥാനത്തിനു് ആധാര ശിലകൾ പാകി, അത്യദ്ധ്വാനം ചെയ്ത താങ്കളെ കൃതജ്ഞതാനിർഭരമായ ഹൃദയത്തോട് സ്മരിക്കട്ടെ.

അലൗകീക സിദ്ധി വിശേഷങ്ങളോടുകൂടിയ ധിഷണാശാലികൾ ഒരു ഗ്രാമത്തിലോ നഗരത്തിലോ അപൂർവ്വമായി മാത്രമെ വന്നു പിറക്കാറുള്ളു, ഒരു നൂററാണ്ടിനുള്ളിൽ ഒന്നോ രണ്ടോ മൂന്നോ പേർ, സ്വന്തം ഗ്രാമാതിർത്തിക്കുള്ളിൽ ഒതുങ്ങി നിൽക്കില്ല. അവരുടെ പ്രവർത്തന മേഖല. ലോകത്തിലുള്ള സമസ്ത ആളുകളുടെയും സുഖമായിരിക്കും അവരുടെ ലക്ഷ്യം. ചാത്തന്നൂരിലെ അടുതല ഗ്രാമത്തിൽ ജനിച്ച പ്രിയപ്പെട്ട ജോൺ, താങ്കളുടെ പ്രവർത്തനം അവിടെ മാത്രം ഒതുങ്ങി നിന്നില്ല, ചാത്തന്നൂരിനേയും പിന്നിട്ട് കൊല്ലം നഗരത്തിലൂടെ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും പടർന്നു കയറാൻ തുടങ്ങിയപ്പോഴേക്കും വിധി താങ്കളെ അപഹരിച്ചു കളഞ്ഞു. ഇനി, ഇനി ആ മുഖം ഞങ്ങളുടെ സ്മരണയിൽ ജീവിക്കട്ടെ. രഞ്ജിത്തിലും, അജിത്തിലും ആ മുഖം കാണട്ടെ; ഒരു കൈത്തിരിപോൽ കത്തിയെരിഞ്ഞു് രക്ഷകന്റെ മാറിൽ വീണ പ്രിയപ്പെട്ട പ്രൊഫസ്സർ പി. ഒ. ജോണിനെ.

ഡോ. സാമുവേൽ ചന്ദനപ്പള്ളി

## വികലാംഗ ബാല കേന്ദ്രം ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: തിരുവനന്തപുരം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന വികലാംഗ ബാലകേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി ശ്രീ വി. ജെ. തങ്കപ്പൻ നിർവ്വഹിച്ചു. ഗീവറുഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എം. വിജയകുമാർ എം. എൽ. എ, മാമ്മൻ ഐപ്പ് എം. എൽ. എ, ഉള്ളൂർ. പഞ്ചായത്തു പ്രസിഡണ്ട് ശിവൻകുട്ടി, കേരളാ ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ചെയർമാൻ ജോൺ മത്തായി, പി. കെ. സ്റ്റാൻലി എന്നിവർ പ്രസംഗിച്ചു. ഫാദർ തോമസ് തേക്കിൽ സ്വാഗതവും, ഫാദർ അലക്സാണ്ടർ വൈദ്യൻ കൃതജ്ഞതയും പറഞ്ഞു.

പരുമല തിരുമേനിയുടെ നാമത്തിലുള്ള പുതിയ കെട്ടിടം കുവൈററ് അഹമ്മദി കോൺഗ്രിഗേഷന്റെ സംഭാവനയാണ്.

## തിയോളജിക്കൽ അസോസിയേഷൻ ഉദ്ഘാടനം

കോട്ടയം: തിയോളജിക്കൽ അസോസിയേഷന്റെ ഈ വഷ്ത്തെ പ്രവർത്തനോദ്ഘാടനം മഹാത്മാഗാന്ധി സർവ്വകലാശാലാ വൈസ്ചാൻസലർ ഡോ: യു. ആർ. അനന്തമൂർത്തി നിർവ്വഹിച്ചു. പ്രിൻസിപ്പൽ ഡോ: പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേന്ന യോഗത്തിൽ പരിശുദ്ധ കാതോലിക്കാബാവായും മെത്രാപോലീത്താമാരും സന്നിഹിതരായിരുന്നു. അസോസിയേഷൻ സെക്രട്ടറി ഡീക്കൻ ടി. പി. കുര്യൻ സ്വാഗതവും, ഫിലിപ്പ് എബ്രഹാം കൃതജ്ഞതയും പറഞ്ഞു.

## അനുശോചനം രേഖപ്പെടുത്തി

പാമ്പാടി: പെരുമൺ തീവണ്ടി അപകടത്തിൽ മരണമടഞ്ഞ മലങ്കര സഭാ മാനേജിംഗ് കമ്മററി അംഗവും, യുവജനപ്രസ്ഥാനം തിരുവനന്തപുരം ഭദ്രാസന സെക്രട്ടറിയുമായിരുന്ന പ്രൊഫ. പി. ഒ. ജോണിന്റെ നിര്യാണത്തിൽ പാമ്പാടി സെൻറ് ജോൺസ് കത്തീഡ്രൽ യുവജന പ്രസ്ഥാനം അനുശോചനം രേഖപ്പെടുത്തി, വൈസ് പ്രസിഡണ്ട് ജോസഫ് മാർക്കോസിന്റെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ ജെയിംസ് പി. സി. അനുശോചന പ്രമേയം അവതരിപ്പിച്ചു. ജോൺ കെ. തോമസ്സ്, സജി ഒ. ററി. എന്നിവർ അനുസ്മരണ പ്രസംഗം നടത്തി.

# അമൃതബിന്ദുക്കൾ



### ശ്രീപാദം ഈശ്വരൻ നമ്പൂതിരി

#### എൺപത്തിമൂന്ന്

സൂക്ഷ്മബുദ്ധി വിവേകം കൈ–
വെടിയാതെ സൂക്ഷിച്ചിടും.

#### എൺപത്തിനാല്

അവിവേകം ഭോഷഹൃത്തിൽ
വളർത്തീടുമഹന്തയെ

#### എൺപത്തിഅഞ്ച്

ശുദ്ധബുദ്ധിയ്ക്കു ദൈവത്തിൻ
തുണയെന്നും മഹാബലം.

(തുടരും)

## തുടർലേഖനം

# വിശുദ്ധസഭ

## അദ്ധ്യായം മൂന്നു്

നാം ഓരോരുത്തരുടെയും വളർച്ച ക്രിസ്തുവിന്റെ ശരീരത്തിന്റെ വളർച്ചയാകുന്നു. നാം വളരാതിരിക്കുന്നു എങ്കിൽ അത്രത്തോളം ക്രിസ്തുവിന്റെ ശരീരത്തിന്റെ വളർച്ച കുറഞ്ഞു പോകുന്നു. അപ്പോസ്തോലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ ഉപദേഷ്ടാക്കൾ എന്നിവരെല്ലാം നിയമിക്കപ്പെട്ടിരിക്കുന്നതു്, നാമെല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലും ഐക്യമുള്ളവരും, തികഞ്ഞമനുഷ്യരുമായിത്തീർന്നിട്ടു് ക്രിസ്തുവിന്റെ പൂർണ്ണതയുടെ അളവുപ്രാപിക്കുവോളം വിശുദ്ധന്മാരുടെ പൂർണ്ണതയ്ക്കും, ശുശ്രൂഷവേലയ്ക്കും, ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിയായിട്ടത്രെ. എപ്പേസി 4:11-13. സഭ മശിഹായുടെ ശരീരമാകയാൽ നാം നിമിത്തമായി അതിനുണ്ടാകുന്നകെട്ടുമതികൾ തലയാകുന്ന മശിഹായെതന്നെ പരോക്ഷമായി ബാധിക്കുന്നു എന്നു പറയാവുന്നതാണു്. താൻ എല്ലാററിനെയും പൂർണ്ണമാക്കുമ്പോൾ, തന്നെ പൂർണ്ണമാക്കുന്നതു് സഭയാകുന്നു. ഈ അർത്ഥത്തിലായിരിക്കണം സഭയെപ്പററി 'എല്ലാം നിറയ്ക്കുന്നവന്റെ നിറവു്' എന്നു് എഫേസ്യലേഖനം 1-ാം അദ്ധ്യായം 23-ാം വാക്യത്തിൽ പറയുന്നതു്. അഥവാ സഭയുടെ അപൂർണ്ണത അതിന്റെ തലയായ ക്രിസ്തുവിന്റെ അപൂർണ്ണതയായി പരിണമിക്കുന്നു. ക്രിസ്തു അപൂർണ്ണൻ എന്നല്ല എന്നാൽ സഭയുമായി ഐക്യത്തിൽ ഇരിക്കുന്നതിനു് തനിക്കു തിരുമനസ്സാകയാൽ അത്രത്തോളമുള്ള പരിമിതി പ്രാപിക്കുന്നതിനു് തനിക്കു് ഇടയായി എന്നത്രെ. അതിനാൽ സഭയുടെ മർമ്മം ക്രിസ്തുവിന്റെ മർമ്മമാകുന്നു. ക്രിസ്തുവിനോടു് സഭ ഐക്യപ്പെട്ടിട്ടു്, താൻ ലോകത്തിനു് പ്രദാനംചെയ്യുന്ന ദിവ്യ ജീവൻ അതിൽക്കൂടി പ്രവഹിപ്പിന്നു. ഈ ഐക്യം മുഖാന്തിരം ക്രിസ്ത്യനി ക്രിസ്തുവിന്റെ സുകൃതത്തിനും മഹത്വത്തിനും അവകാശിയായിത്തീരുന്നു.

ഇതിൽ യഹൂദനെന്നും യവനനെന്നുംഉള്ള വ്യത്യാസമില്ല. 'അവൻ മുഖാന്തിരം നമുക്കു് ഇരുപക്ഷക്കാർക്കും ഏക ആത്മാവിനാൽ പിതാവിങ്കലേക്കു് പ്രവേശനം ഉണ്ടു്. എഫേ 2:18. യഹൂദന്മാരോ, യവനന്മാരോ, സ്വതന്ത്രരോ, നാം എല്ലാവരും ഏക ശരീരമാകുമാറു് ഒരേ ആത്മാവിൽ സ്നാനം ഏററും, എല്ലാവരും ഒരേ ആത്മാവിനെ പാനംചെയ്തുമിരിക്കുന്നു.'

1 കോരി 12:13.

### സഭ ക്രിസ്തുവിന്റെ ശരീരമാകുന്നതു് എങ്ങനെ?

ത്രിത്വത്തിൽ രണ്ടാമനായ ദൈവപുത്രൻ മനുഷ്യനായിത്തീർന്നതു് എന്തിനു്? മനുഷ്യരെ ദൈവത്തോടു് സംയോജിപ്പിക്കുന്നതിനു്. 'നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക' ആദ്യ 1:26.

'ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു.' ആദ്യ 1:27 ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും എന്താകുന്നു? (His image and his likeness) ദൈവം അരൂപിയാകയാൽ തന്റെ സ്വരൂപവും സാദൃശ്യവും ശരീരപ്രകാരവുമുള്ളവയല്ലെന്നു് സ്പഷ്ടമാകുന്നു. ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും തന്റെ ആത്മീയ പ്രകൃതങ്ങളാകുന്നു. (moral qualities) 'ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവു് സൽഗുണ പൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ' മത്താ: 5:48 അനുസരണം, സ്നേഹം, സദാചാരം, സത്യദീക്ഷ, മുതലായ ദൈവീക ഗുണങ്ങളുടെ വിളനിലമായിരിക്കത്തക്കവണ്ണം ദൈവം മനുഷ്യനെ സൃഷ്ടിച്ചു. അവന്റെ അധ:പതനംവരെ അങ്ങനെതന്നെ അവൻ ജീവിക്കുകയും ചെയ്തു.

### തിന്മയുടെ ഉത്ഭവവും അതിന്റെ ഫലവും

ഏദൻ തോട്ടത്തിലെ മനുഷ്യന്റെ ജീവിതം മനുഷ്യവർഗ്ഗത്തിന്റെ പ്രാരംഭകാലത്തെ കുറിക്കുന്നതായി വിചാരിക്കാം. 'കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും, തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളപ്പിച്ചു. ആദ്യ.2:9 'യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചതു് എന്തെന്നാൽ തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്കു് ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം നീ തിന്നരുതു്. തിന്നുന്ന നാളിൽ നീ മരിക്കും' ആദ്യ.2:16-17 മനുഷ്യൻവീണുപോകുന്നതിനു മുമ്പുണ്ടായിരുന്ന അവന്റെ ജീവിതം ആഹ്ളാദകരമായ പറുദീസാ ജീവിതമായിരുന്നു. അഭികാമ്യമായ സകല അനുഭവങ്ങളും അവനുണ്ടായിരുന്ന നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ ഫലം ഒഴിച്ചുള്ള സകല ഫലങ്ങളും അവനു് അനുഭവിക്കാമെന്നുള്ളതിനാൽ അവൻ ദൈവ സംസർഗ്ഗത്തിന്റെ ദൃഷ്ടാന്തമായ ജീവന്റെ കനിയും അനുഭവിച്ചിരുന്നു എന്നുവേണം വിചാരിക്കുവാൻ (ഉല്പത്തി 2:9, 16: 17 എന്നിവ നോക്കുക) അതായതു്, സകല ആത്മീയാനുഭവങ്ങളോടുകൂടി ദൈവ സംസർഗ്ഗത്തിൽ അവൻ കഴിഞ്ഞുകൂടി. എന്നാൽ ഉല്പത്തി 3:22-ൽ നിന്നും ജീവന്റെ വൃക്ഷഫലം അതുവരെയും തിന്നിരുന്നില്ലെന്നുള്ള അനുമാനമാണു് പലർക്കും ഉള്ളതു്. പാപത്തിൽ വീണ ശേഷം ജീവന്റെ കനി ഭക്ഷിക്കുന്നതിനെപ്പററിയുള്ള ഭീതിയും, പാപഭ്രയിഷ്ടമായ ഒരു ജീവിതം നിത്യമായി തുടരുന്നതിനെ സംബന്ധിച്ചുള്ള ഒരു ഭയവുമായിരിക്കാം ആ വാക്യത്തിൽ കാണുന്നതു്. (തുടരും)

---

## ജീവചരിത്ര ലേഖനം

# ക്രിസ്തു യേശുവിന്റെ തണലിൽ പന്തലിച്ചു് വളരുന്ന 87 കാരൻ മണലിൽ അച്ചൻ'

എൽഡർ ഒ. എം. മാത്യു ബി. എ. ഒരുവട്ടിത്തറ

ചക്കരെയ്ക്കുണ്ടോ അകവും പുറവും? രസത്തിൽ വ്യത്യാസം. ഇല്ലെന്നു് ഏവക്കും അറിയാം. എന്നാൽ മനുഷ്യർക്കൊ ഉണ്ടെന്നും അറിയാം. ചില മനുഷ്യരുടെ മുഖവും, ദേഹവും വെളുത്തതാണെങ്കിൽ അകം കറുത്തതായിരിക്കും; അകം കറുത്തതാണെങ്കിൽ മുഖം വെളുത്തതായിരിക്കും. എന്നാൽ അകവും, പുറവും വെളുത്തതായി അപൂർവ്വം ചിലരുണ്ടു്. അതിൽ ഒരാളാണു് മണലിൽ അച്ചൻ, എന്നുവച്ചാൽ മണലിൽ യാക്കോബ് കത്തനാർ അവർകളുടെ മുഖവും; അകവും വെളുത്ത നിറമുള്ളതാണു്. വളരെ ചുരുക്കം പേക്കേ ഈ സിദ്ധി ലഭിക്കാറുള്ളു. മണലിൽ അച്ചന്റെ ജനനം ഒക്ടോബർ മാസത്തിലാണു്. ഇപ്പോൾ അദ്ദേഹത്തിനു് 87 വയസ്സായി. ഒക്ടോബർ മാസത്തിൽ ഭൂജാതരാകുന്നതു് ഒരു ഭാഗ്യംതന്നെയാണു്. ആ മാസത്തിൽ ജനിക്കുന്നവർ മഹാന്മാരായിത്തീരുന്നു. മഹാത്മാഗാന്ധി ഒക്ടോബർ മാസത്തിൽ ജനിച്ചു. വിശ്വവിഖ്യാതനായിത്തീർന്നു. നമ്മുടെ വന്ദ്യപിതാവായിരുന്ന വട്ടശ്ശേരിൽ മെത്രാപ്പോലീത്തായെ സഭാഭാസുരൻ എന്നു് നാം നാമകരണം ചെയ്തിരിക്കുന്നു. അദ്ദേഹം മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി. അദ്ദേഹം ജനിച്ചതു് ഒക്ടോബർ മാസത്തിലായിരുന്നു. താരതമ്യേന വീക്ഷിക്കുമ്പോൾ അവർ രണ്ടു പേരേക്കാൾ ചെറിയവനാണു് മണലിൽ അച്ചൻ എന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ.

മണലിൽ യാക്കോബ് കത്തനാരുടെ ജനനം മൂവാററുപുഴ താലൂക്കിൽ ആയിരുന്നു. ആ സ്ഥലങ്ങളിൽ അന്നു് പള്ളിക്കൂടങ്ങൾ, ഇല്ലാതിരുന്നതിനാൽ 'കുടിപള്ളിക്കൂടത്തിൽ' പഠിത്തം തുടങ്ങി. 1911 മുതൽ മാതൃഗൃഹമായ കൊച്ചി സംസ്ഥാനത്തുള്ള ആമ്പല്ലൂർ ദേശത്തു് ഒരു പ്രൈമറി സ്കൂളിൽ വിദ്യാഭ്യാസം ആരംഭിച്ചു 1915-ൽ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കി. ആ കാലത്തു് സഭയിൽ ഉണ്ടായ ബാവാ-മെത്രാൻകക്ഷി പിണക്കത്തിൽ മാതൃഗൃഹം പള്ളി ഇടവകയായ മാന്തുരുത്തേൽ ഇടവക വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ പൂർണ്ണമായി അനുകൂലിച്ചു് നിന്നിരുന്നു. 1912 ജൂലായ് മാസത്തിൽ അബ്ദൽ മിശിഹ പാത്രിയക്കീസിനേയും, വട്ടശ്ശേരിൽ മെത്രാപ്പോലീത്തായേയും അന്നത്തെ ബ്രിട്ടീഷ് കൊച്ചിയിൽനിന്നു് സാഘോഷം മാന്തുരുത്തുകാർ സ്വീകരിച്ചു് ഒരാഴ്ച പള്ളിയിൽ താമസിപ്പിച്ചു. ചുററുമുള്ള പള്ളികൾ എല്ലാം പാത്രിയർക്കീസ് കക്ഷിയിൽ പെട്ടവരായിരുന്നതിനാൽ പട്ടക്കാരെ ലഭിക്കാൻ മെത്രാൻ കക്ഷിക്കാർക്കു് സാദ്ധ്യമല്ലായിരുന്നു. മണലിൽ അച്ചന്റെ ഇടവകയിൽ ഒരു പട്ടക്കാരൻ ഉണ്ടാകണമെന്നു് മെത്രാപ്പോലീത്താക്കു് നിർബ്ബന്ധമുണ്ടായിരുന്നു. പിന്നീടു് പല അവസരങ്ങളിലും അച്ചന്റെ മാതൃസഹോദരനെ കാണുമ്പോൾ ഈ വിവരം മെത്രാച്ചൻ കല്പിക്കുമായിരുന്നു. അച്ചൻ 1915-ൽ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കി. അപ്പോൾ അച്ചന്റെ മാതൃഗൃഹത്തിൽ അഞ്ചുവയസ്സിൽ കൂടുതൽ പ്രായമുള്ള പുരുഷസന്താനങ്ങൾ ഇല്ലായിരുന്നു അച്ചന്റെ വന്ദ്യപിതാവ് 1912-ൽ നിര്യാതനായതുകൊണ്ടു് അച്ചന്റെ കുടുംബകാര്യങ്ങൾ മാതൃസഹോദരങ്ങളുടെ സംരക്ഷണയിൽ ആയി. 1916-ൽ മാന്തുരുത്തേൽ പള്ളിക്കാർ യോഗം കൂടി ദേശകുറി സഹിതം മെത്രാപ്പോലീത്തായെ അറിയിച്ചപ്പോൾ അദ്ദേഹത്തിനു് വളരെയേറെ സന്തോഷം ഉളവായി. 1916-ൽ മെത്രാപ്പോലീത്താ കോട്ടയത്തു് മാർ ഏലിയാ ചാപ്പലിൽവച്ചു് ശെമ്മാശു് പട്ടം കൊടുത്തു. 1917-ൽ എം. ഡി. സിമ്മിനാരി ഹൈസ്കൂളിൽ പ്രിപ്പയാർട്ടറി ക്ലാസ്സിൽ ചേർന്നു. അച്ചൻ അവിടെ പഠിക്കുമ്പോൾ ഈ ലേഖകനും പ്രസ്തുത സ്കൂളിൽ ഒരു വിദ്യാർത്ഥി ആയിരുന്നു. മുളന്തുരുത്തി ഹൈസ്കൂളിൽനിന്നാണു് അച്ചൻ പത്താം ക്ലാസ്സ് പരീക്ഷ പൂർത്തിയാക്കിയതു്. 1925 ജൂൺ അവസാനം പരുമല ചെന്നു് ശെമ്മാശൻ പഠിത്തം തുടങ്ങി.

ആ കൊല്ലം ജൂലായ് മാസത്തിൽ മെത്രാപ്പോലീത്തായുടെ സെക്രട്ടറി ശെമ്മാശ്ശൻ പട്ടം ഏററു് സ്വന്തം ഇടവക പള്ളിയിലേക്കു് യാത്ര തുടരുന്നതിനു് ഒരുങ്ങിയപ്പോൾ മെത്രാപ്പോലീത്താ കല്പിക്കുകയുണ്ടായി, കുറെ നാൾ കഴിഞ്ഞിട്ടു്— എന്നു് വെച്ചാൽ വേറെ ആളെ കിട്ടുന്നതുവരെ-തന്റെ കൂടെ കഴിയുവാൻ- എന്നാൽ വേറെ ആരെയും അന്വേഷിച്ചില്ല എന്നതാണു് പരമാർത്ഥം.

1925 ഓഗസ്ററു് മാസത്തിൽ വട്ടിപ്പണക്കേസ്സിന്റെ പുനർഹർജ്ജി സ്വീകരിച്ച ഘട്ടമായിരുന്നു. തുടർന്നു് മെത്രാപ്പോലീത്താ 1928 ജൂലായിൽ പുനർവാദം അവസാനിക്കുന്നതുവരെ കേസ് കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനും പള്ളികളിൽ സഞ്ചരിക്കുന്നതിനും മെത്രാപ്പോലീത്തായുടെ എല്ലാ ആവശ്യങ്ങളിലും മണലിൽ അച്ചനായിരുന്നു സേവിച്ചു് പോന്നതു്. വട്ടിപ്പണക്കേസ് അവസാനമായി വിധിച്ച സുപ്രീംകോടതിയിൽ താമസിയാതെ കേസുണ്ടായി. ഇതിന്നിടയിൽ പലപ്പോഴും പല പള്ളിക്കാരെ നേരിൽ കണ്ടും, അപേക്ഷകൾ അയച്ചും അച്ചനു് കശീശാപട്ടം കൊടുക്കുന്ന കാര്യം മെത്രാപ്പോലീത്തായെ അറിയിച്ചപ്പോൾ അങ്ങിനെ ചെയ്യാമെന്നു് കല്പിക്കുമായിരുന്നു. ആ കാലയളവിൽ സഭാ സംബന്ധമായും. മെത്രാപ്പോലീത്തായുടെ എല്ലാ കാര്യങ്ങളും അച്ചൻ വിശ്വസ്തതയോടെ തൃപ്തികരമായി സേവനം അനുഷ്ഠിച്ചു കൊണ്ടിരുന്നു.

മണലിൽ യാക്കോബ് ശെമ്മാശ്ശനെ അച്ചനാക്കി പട്ടം കൊടുക്കണമെന്നുള്ള ജനങ്ങളുടെ നിർബ്ബന്ധം വർദ്ധിച്ചു വന്നതിലും, മെത്രാപ്പോലീത്തായുടെ പ്രായവും, ആരോഗ്യനിലയും കണക്കിൽ കണ്ടു കൊണ്ടും 1933 ഓഗസ്റ്റ് 19-ാം തീയതി മാർ ഗീവറുഗീസ് മെത്രാപ്പോലീത്താ പഴയ സിമ്മനാരിയിൽ വച്ചു് മണലിൽ ശെമ്മാശ്ശനു് കശ്ശീശാസ്ഥാനം നൽകി.

മെത്രാപ്പോലീത്താ കാലം ചെയ്യുന്നതിനു് മുൻപു് മണലിൽ അച്ചനെ ഇടവക പട്ടക്കാരനായി വിട്ടു കൊടുക്കാമെന്നു് സമ്മതിച്ചിരുന്നു. എന്നാൽ പ്രസ്തുതമായ സമ്മതം പൂർണ്ണതൃപ്തിയോടു കൂടിയായിരുന്നില്ല.

പഴയ സിമ്മനാരി മാനേജരായിരുന്ന ററി. സി. ജേക്കബ് ശെമ്മാശ്ശനെ 1934 ഏപ്രിൽ മാസത്തിൽ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ കശ്ശീശസ്ഥാനം കൊടുത്തു് സിമ്മനാരി മാനേജരായി നിയമിക്കുകയുണ്ടായി. ചിലപ്പോഴെല്ലാം മണലിൽ അച്ചൻ തന്റെ ഇടവക പള്ളിയിൽനിന്നും പഴയ സിമ്മനാരിയിൽ വന്നു് താമസിക്കുമായിരുന്നു. അങ്ങിനെയുള്ള അവസരങ്ങളിൽ മാനേജർ അച്ചനും, മണലിൽ അച്ചനും ചിലപ്പോൾ ആൾ വലിക്കുന്ന റിക്ഷാകളിൽ (ഇപ്പോൾ അങ്ങിനെയുള്ള വലി വണ്ടികൾ കാണാൻ പോലും കിട്ടുകയില്ലല്ലൊ) കയറി കോട്ടയത്തു് തിരുനക്കര ഭാഗത്തേക്കു് വരുമായിരുന്നു. ചിലപ്പോൾ ഒരു സായാഹ്ന സവാരിയായി കാൽനടയായിട്ടും ആയിരുന്നു. അവർ വരുന്നതു് കണ്ടു കൊണ്ടു് അവരുടെ സ്നേഹിതന്മാരായ ഫോർവേഡ് ബാങ്ക് മാനേജിംഗ് ഡയറക്ടർ മാപ്ലിയേക്കൽ എം. സി. മാത്യു, തിരുനക്കര പലപ്പോഴും സന്ദർശിക്കുന്ന ആററുതുരുത്തേൽ പാപ്പി, കീരിടധാരണ വൈദ്യശാലയുടെ ഉടമസ്ഥൻ ചെമ്പകശ്ശേരിൽ സി. വി. ടൈററസ്, ഈ ലേഖകൻ, എന്നിവർ 'കറപ്പും വെളപ്പും' അച്ചന്മാർ വരുന്നു എന്നു് പറയുമായിരുന്നു. അതു് കേവലം ഒരു നേരമ്പോക്കായി നമ്മുടെ ഈ രണ്ടു് അച്ചന്മാരും സ്വീകരിച്ചിരുന്നു എന്നു് പ്രത്യേകം പ്രസ്താവിച്ചു കൊള്ളുന്നു. അവർ വന്നു് സൗഹാർദ്ദമായി ഞങ്ങളോടു് സമുദായ കാര്യങ്ങൾ പറയുകയും, ചില കുഴഞ്ഞപ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുമായിരുന്നു എന്നുകൂടി പ്രസ്താവിച്ചു കൊള്ളട്ടെ. അന്നു തുടങ്ങിയ സൗഹൃദം പിൽക്കാലത്തു് കൂടുതൽ ദൃഢതരമായി എനിക്കു് മണലിൽ അച്ചനോടു് തോന്നിയ ബഹുമാനം ഇന്നും അക്ഷുണ്ണമായി തുടരുന്നു.

(ശേഷം 6-ാം പേജിൽ)

# ക്രിസ്തു യേശുവിൻെറ തണലിൽ

(5–ാം പേജിൽ നിന്നും തുടർച്ച)

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ 1934 ഫെബ്രുവരി 23–ന് കാലംചെയ്തശേഷം കുറെ നാളുകൾകൂടി സഭാ കാര്യങ്ങൾക്ക് ആവശ്യമായ സേവനം അച്ചൻ നടത്തിയിരുന്നു. എങ്കിലും മെത്രാപ്പോലീത്താക്ക് അച്ചനിൽ ഉണ്ടായിരുന്നത്ര സ്നേഹം അനന്തരഗാമികൾക്കുണ്ടായിരുന്നില്ല എന്നുള്ളതു് ഒരു ദുഃഖസത്യമാണ്. എന്നാൽ അച്ചൻെറ സേവനം അത്യന്താപേക്ഷിതമാണെന്നു് പറഞ്ഞു് സഭയിലെ മാന്യന്മാരായ പല വ്യക്തികളും നിർബന്ധിച്ചതുകൊണ്ടു് ആവക കാര്യങ്ങൾ വിഘ്നംകൂടാതെ നടത്തുകയും, താമസം അച്ചൻെറ പള്ളിയിൽതന്നെ ആക്കുകയുംചെയ്തു. പിന്നീടു് 1938–ൽ ആരംഭിച്ചതും, കോട്ടയം ജില്ലാക്കോടതിയിൽനടന്ന സമുദായക്കേസ്സിൽ പ്രാരംഭത്തിൽ അധികൃതർ അച്ചൻെറ സേവനം ആവശ്യപ്പെട്ടില്ലെങ്കിലും, സമുദായത്തിൽ കാര്യവിവരമുള്ള പലരുടെയും നിർബന്ധത്തെ ആദരിച്ച് അച്ചൻ കേസ് ജില്ലാക്കോടതിയിലും, ഹൈക്കോടതിയിലും; അച്ചൻെറ കഴിവ്പോലെ ആത്മാർത്ഥമായി സേവനം അനുഷ്ഠിച്ചു. ആ കേസ് സുപ്രീംകോടതിയിൽ 1058 സെപ്റ്റംബർ മാസം 12–ന് കാതോലിക്കാഭാഗത്തേക്ക് അനുകൂലമായി വിധിഉണ്ടാകുകയും ചെയ്തുവല്ലോ–സുപ്രീംക്കോടതി വിധിക്കാലത്തു് സമുദായത്തിൽ വൈദീക ട്രസ്റ്റിയും, അൽമായ ട്രസ്റ്റിയും ഇല്ലാതെ, പ്രസ്തുതസ്ഥാനങ്ങൾ ഒഴിഞ്ഞു് കിടക്കുകയായിരുന്നു. വട്ടിപ്പണം പ്രതിവർഷം 840 രൂപാ കുടിശികാശേഖരമായികിടക്കയുമായിരുന്നു. രണ്ടു് ട്രസ്റ്റികളെയും തിരഞ്ഞെടുക്കുവാൻ 1958 ഡിസംബർ 26–ന് സുറിയാനിക്രിസ്ത്യാനി അസ്സോസിയേഷൻ കൂട്ടുവാൻ ഡിസംബർ 1–ന് കല്പന അയയ്ക്കപ്പെട്ടു. ശങ്കരാദികളുടെജഡ്ജ്മെൻറിന് വിപരീതമായി ഒരു വിധി സുപ്രീംകോടതിയിൽനിന്നുമുണ്ടാകുമെന്നു് പാർത്രിക്കീസ് കക്ഷിപ്രമാണികൾ അശേഷം പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ പ്രസ്തുത പ്രതീക്ഷ തകർന്നുപോയതു് ദൈവകല്പിതമായിരുന്നു എന്നു് വിശ്വസിക്കുന്നതിൽ തെററില്ല. മറിച്ചായിരുന്നു എങ്കിൽ സഭ അന്നേതന്നെ പിളർക്കപ്പെട്ടുമായിരുന്നു.

അബ്ദുൾമിശിഹാ പാത്രിയർക്കീസ്സിനാൽ സ്ഥാപിതമായ കാതോലിക്കേററ് ഉപേക്ഷിച്ചുകൊണ്ടു് ഒരു സന്ധിക്ക് കാതോലിക്കാ പക്ഷം തയ്യാറല്ലായിരുന്നു. അവസാനം 1958–ലെ ആലോചനകൾക്ക് ബുദ്ധിമുട്ടിയവർ കല്ലൂപ്പറമ്പിൽ ഗീവറുഗീസ് കത്തനാർ, സി. ജെ. കുര്യൻ, ഡോക്ടർ പി. ററി. തോമസ്, മാർ ക്ലീമിസ്, വി. ഒ. മർക്കൊസ് എന്നിവർ പാത്രിയർക്കീസ് പക്ഷത്തേക്കും ഉപ്പൂട്ടിൽ കുര്യൻ, ഏബ്രഹാം. കെ. ചെറിയാൻ വക്കീൽ, മണലിൽ അച്ചൻ എന്നിവർ കാതോലിക്കാ പക്ഷത്തേയ്ക്കും നിയോഗിയ്ക്കപ്പെട്ടു. ഇതിൽനിന്നും മണലിൽ അച്ചനെ എത്രമാത്രം മേലധികാരികൾക്ക് മതിപ്പുണ്ടായിരുന്നു എന്നു് ഊഹിക്കാമല്ലൊ. മററുകക്ഷികളുമായി കാതോലിക്കാ ബാവായുടെ ആലോചനയോടുകൂടി സംഭാഷണങ്ങൾ നടത്തി നിരുപാധികമായി പാർത്രിയാർക്കീസ് കാതോലിക്കായെ സ്വീകരിച്ചു. കാതോലിക്കാ പാത്രിയർക്കീസ്സിൻെറ ഭരണഘടന സ്വീകരിച്ചു. 1958 ഡിസംബർ 16–ന് പരസ്പരം കല്പനകൾ കൈമാറി. എല്ലാവരും ഹർഷാരവം പൂണ്ടു, ദൈവത്തെ മഹത്വപ്പെടുത്തി.

കക്ഷിഭേദംകൂടാതെ മലങ്കരയിലെ എല്ലാ പള്ളിപ്രതിപുരുഷന്മാരും സംബന്ധിച്ച അസ്സോസിയേഷൻ യോഗം 1958 ഡിസംബർ 26–ൽ പുത്തൻകാവു് സെൻറ്മേരി പള്ളി അങ്കണത്തിൽകൂടി. പ്രസ്തുതയോഗത്തിൽ മണലിൽ യാക്കോബ് കത്തനാരെയും, കോട്ടയത്തു് ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിനെയും, വൈദീക ട്രസ്റ്റിയായും, അൽമായ ട്രസ്റ്റിയായും യഥാക്രമം ഏകകണ്ഠമായി തിരഞ്ഞെടുത്തു.

അഞ്ചുകൊല്ലം കഴിയുമ്പോൾ ട്രസ്റ്റിസ്ഥാനത്തുനിന്ന് മാറുമെന്നുകൂടി അച്ചൻ ബാവായെ അറിയിച്ചു. ആ കാര്യം പിന്നീടു് നിശ്ചയിക്കാമെന്ന് ബാവാ കല്പിക്കുകയും, ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമും മണലിൽ അച്ചനുംകൂടി ട്രസ്റ്റികളായി തിരഞ്ഞെടുക്കപ്പെട്ടശേഷം അതുവരെ ശേഖരമായി കുടിശ്ശിക കിടന്ന വട്ടിപ്പണക്കേസ്സിൻെറ പലിശ വാങ്ങുകയുണ്ടായി.

ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ 1964 ജനുവരി മൂന്നിനു് കാലംചെയ്തു. ഔഗേൻ ബാവാകാതോലിക്കായും, മലങ്കരമെത്രാപ്പോലീത്തായുമായി 1965 ഡിസംബറിൽ അസോസിയേഷൻ കൂടുന്നതിനു് നോട്ടീസ് പുറപ്പെടുവിക്കുന്നതിനു മുൻപ്തന്നെ മണലിൽ അച്ചൻ തൻെറ സ്വന്ത അഭിപ്രായവും, ഇഷ്ടവും അനുസരിച്ച് ഒരു പ്രത്യേക കാരണവും കൂടാതെ വൈദിക ട്രസ്റ്റിസ്ഥാനം രാജിവെച്ചുള്ള രാജികത്തു് മലങ്കര മെത്രാപ്പോലീത്തായ്ക്കു് അയച്ചിരുന്നു. ഇങ്ങനെ രാജിക്കത്തു് അയയ്ക്കുവാൻപോകുന്ന എന്നുള്ളകേൾവി കോട്ടയത്തു് പലർക്കും അറിവുണ്ടായിരുന്നു. ഇതു്കേട്ടു് ഈ ലേഖകൻ ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിൻെറ കടയിൽ ജിജ്ഞാസ ബദ്ധനായികയറിചെന്നപ്പോൾ മണലിൽഅച്ചൻ യാദൃശ്ചികമായി അവിടെ ഇരിക്കുന്നതു്കണ്ടു. 'അച്ചാ! മണ്ടത്തരമൊന്നും കാണിക്കരുതെന്നു'' ഉപ്പൂട്ടിൽകുഞ്ഞച്ചൻ (കുര്യൻ ഏബ്രഹാം) പറഞ്ഞതു് ഹാ! എത്രമധുരമായചിന്തകൾ. ഇതു് തന്നെയാണ് അച്ചനെ അറിയുന്നവർ അച്ചനെ ബഹുമാനിക്കുന്നതിനുള്ള മുഖ്യകാരണം. അച്ചൻ സവ്വതോ ഭദ്രനാണ്. വൈദിക ട്രസ്റ്റിയുടെയും, അൽമായട്രസ്റ്റിയുടെയും, കാലാവധിഎത്രയെന്ന് ഭരണഘടനയിൽ ക്ലിപ്തപ്പെടുത്തിയിട്ടില്ല. ശരി അതു തന്നെയാണ് ഭരണഘടനയുടെ അപഭ്രംശങ്ങളിൽ ഒന്നു്. അച്ചൻെറ മഹാമനസ്ക്കത അവർണ്ണനീയം!!

ഈ തരത്തിലുള്ള വ്യക്തികളെ നമുക്ക് ലഭിച്ചിരുന്നെങ്കിൽ ഈ സഭ എത്ര ഭാഗ്യവതിയാകുമായിരുന്നു എന്നു് ഓർത്തു് പോകുയാണ്. വൈദീക ട്രസ്റ്റി സ്ഥാനത്തിനു്. എത്ര പതിനായിരങ്ങൾ വാരിക്കോരി ചെലവാക്കുന്നു എന്നോർക്കുമ്പോൾ, മണലിൽ അച്ചൻ തനിക്കു് യാതൊരു പണച്ചെലവും കൂടാതെയും ക്ലേശരഹിതമായും ലഭിച്ച സ്ഥാനത്തെ ഒരു സുപ്രഭാതത്തിൽ വലിച്ചെറിഞ്ഞതു് മററുള്ളവർക്കു് ഈ സ്ഥാനം ലഭ്യമാകട്ടെ എന്നുകൂടി അച്ചൻ കരുതിയാണ്.

ഈവിധമെല്ലാമാണെങ്കിലും, സഭാ സമാധാനമുണ്ടായി ഒന്നര വ്യാഴവട്ടത്തിനുശേഷം നിർഭാഗ്യവശാൽ വീണ്ടും ഉണ്ടായ കേസിലും അച്ചൻ തൻെറ സേവനം വിശ്വസ്തതയോടും, ആത്മാർത്ഥതയോടും, തുടർന്നുകൊണ്ടിരിക്കയാണ്. എന്നാൽ അച്ചൻ കേസ് നടത്തിപ്പിനു് അത്ര പററിയ ആളാണെന്നു് അസ്വാദൃശന്മാർക്കു് തോന്നുന്നില്ല. അച്ചൻെറ സ്വഭാവ ഘടന അച്ചനെ ഒരു നിയമ കാര്യസ്ഥനാക്കാൻ കൊള്ളുകയില്ല. അതു് ഒളശ്ശ എം. ആർ. കേശവപിള്ള, കുമ്മനം ഗോവിന്ദപിള്ള എന്നിവർക്കേ പററുകയുള്ളു. അച്ചൻെറ ഈ സ്വഭാവഘടന തന്നെ അതിൻെറ കാരണം. 1934 ഡിസംബർ മാസം മുതൽ അച്ചൻ സഭയുടെ മാനേജിംഗ് കമ്മററി അംഗവുമാണ്. ഇനിയും അച്ചൻ ചെയ്തിട്ടുള്ള പൊതുസമുദായ സേവനത്തിൻെറ ഒരു സംക്ഷിപ്ത ചിത്രം ഈ ലേഖകൻ മുകുരസമക്ഷത്തിൽ കാണിച്ചിരിക്കുന്നു. ഇനി അച്ചൻെറ ഇടവക ഭരണത്തെപ്പററി പറഞ്ഞ ശേഷം ഈലേഖനം ഉപസംഹരിച്ചുകൊള്ളട്ടെ.

1934 ജൂൺ മുതൽ മാന്തുരുത്തേൽ സെൻറ് ജോൺസ് പള്ളിവികാരിയായി അച്ചൻ തുടർന്നു് വരികയാണ്. മേല്പടി പള്ളിയിൽ അച്ചനു് 105 ഇടവകക്കാർ ഉണ്ടായിരുന്നവരിൽ 35 ഇടവകക്കാർ അവശക്രിസ്ത്യൻ വിഭാഗത്തിൽപെട്ടവരായിരുന്നു. മററുള്ളവരിൽ അധികപക്ഷവും വെറും സാധാരണക്കാരുമായിരുന്നു. തുഛമായ എട്ടു രൂപാ ശമ്പളമാണ് അച്ചനു് ലഭിച്ചിരുന്നതു് എന്നാൽ പള്ളിക്കു് മുൻ പട്ടക്കാർ ദാനം ചെയ്തിരുന്ന ആറേഴ് ഏക്കർ നിലം, പുരയിടങ്ങൾ ഉണ്ടായിരുന്നെങ്കിലും. അവയിൽ ഒന്നും ഗണ്യമായ ആദായം ഉള്ളതായിരുന്നില്ല. അച്ചൻ വികാരിയായി ചെന്നശേഷം തെങ്ങു് വച്ച് ആദായം വർദ്ധിപ്പിച്ചു. 1950– നു് ശേഷം പഴയപള്ളി പൊളിച്ച് വിപുലപ്പെടുത്തി പണിയിപ്പിച്ചു.

(തുടരും)

## ആരാധനാ ഗീത സമീക്ഷ

(2–ാം പേജിൽനിന്നുംതുടർച്ച)

ജാതൻ ഇതാ കീറത്തുണി പുതച്ചിരിക്കുന്നു. ലോകങ്ങൾക്കു മുമ്പെ ഉണ്ടായിരുന്നവനെ കന്യക പ്രസവിച്ചിരിക്കുന്നു. പർവ്വതങ്ങളെ തൂക്കി നോക്കുന്നവനെ ബാലിക ലാളിക്കുന്നു. ദരിദ്രർക്കു ഭക്ഷണം നൽകുന്നവൻ ഒരു ശിശുവിനെ പോൽ മുലപ്പാൽ കുടിക്കുന്നു. അനാദിയായ ദൈവപുത്രൻ സ്വന്ത ഇഷ്ടത്താൽ ആരംഭം ഉള്ളവനായി തീർന്നിരിക്കുന്നു. അവസാനം ഇല്ലാത്തവൻ ജനനത്തിനായി അവതരിച്ചിരിക്കുന്നു.

ബാറെക് മോർ
ശുബഹോ....
മെനഓലം ...

പൂർവ്വിക നീതിമാന്മാർ മോഹനങ്ങളും മനോഹരങ്ങളും ആയ അനേകം പേരുകൾവിളിച്ചു ദാവീദുപുത്രിയായകന്യക മറിയാമ്മിനെ വാഴ്ത്തിയിട്ടുണ്ടു്. പ്രവാചകനായ ഹെസക്കിയേൽ മറിയാമ്മിനെ 'ബന്ധിതമായ വാതിൽ എന്നു വിളിച്ചു. 'പട്ടണം' എന്നു ദാവീദു സംബോധന ചെയ്തു. 'മുദ്രിതമായ തോട്ടം' എന്നും 'അടയ്ക്കപ്പെട്ട ഉറവ' എന്നും ശലോമോൻ അവളെക്കുറിച്ചു പ്രഖ്യാപിച്ചു. മറിയാമാകുന്ന വയലിൽ, വിത്തില്ലാതെ മുളച്ച വിശിഷ്ട സസ്യമാണ് കർത്താവായ യേശുമിശിഹാ. ജാതികളെ പരിപോഷിപ്പിക്കുന്നതിനായി അവൻഎത്തി. തൻെറ മാതാവിൻെറ ഓർമ്മയെ അവൻ ഭൂമിയിലും സ്വർഗ്ഗത്തിലും ബഹുമാന്യമാക്കിത്തീർത്തു.

മൊറിയോ....




Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038